കേരള സർക്കാർ

ഓമശ്ശേരി ഗ്രാമപഞ്ചായത്ത്

ജല ബജറ്റ് റിപ്പോർട്ട്

Dr. M. K. MUNEER
(KODIYALLY)
MEMBER
KERALA LEGISLATIVE ASSEMBLY
M.L.A. OFFICE
Dr. K.M. ORPANAGE
KODIYALLY P. O.
KOZHIKODE 673 572

Phone :
Office : 0495-2911515
Mobile : 9447881300
9895411300
Constituency Phone:0495-2...
M. L. A. Hostel,
THIRUVANANTHAPURAM.
E-mail : mlamuneermk@gmail.com

CAMP : കൊടുവള്ളി

DATE : 01-01-2024

സന്ദേശം

ജലം, അത് ഒരു പ്രധാന ചർച്ചയായി നാളേറെ കാലം അരിക്കമിച്ചിരിക്കുകയാണ്. കാലാവസ്ഥാ മാറ്റം മൂലമിലുള്ള സകലതിനേയും വലിയ തോതിൽ ബാധിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഒരു ഭാഗത്ത് അമിത ജലം പ്രളയമുണ്ടാക്കുമ്പോൾ മറ്റൊരു ഭാഗത്ത് ദാഹനീരിനായി കേഴുന്ന ജീവജാലങ്ങളെയും കാണേണ്ടി വരുന്നു ഈ അവസ്ഥക്ക് പ്രധാനകാരണം മനുഷ്യ ഇടപെടൽ തന്നെ ഈ സാഹചര്യത്തിൽ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ കേരളത്തിലാകമാനം ജലബജറ്റ് അവതരിപ്പിക്കുന്നത് ഏറെ പ്രസക്തമായ ഇടപെടൽ ആണ് ജലത്തിന്റെ സംരക്ഷണ നിർഗമന ഉപയോഗ പ്രവർത്തനങ്ങൾ ഏറ്റവും ശാസ്ത്രീയമായി ജനകീയമായതോടെ നടപ്പിലാക്കാൻ ഈ പദ്ധതികൊണ്ട് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു

ഓമശ്ശേരി ഗ്രാമപഞ്ചായത്തിന് ജലബജറ്റ് പദ്ധതി ഏറ്റവും നന്നായി നടപ്പിലാക്കാൻ സാധിക്കട്ടെ എന്നാശംസിക്കുന്നു

സ്നേഹപൂർവ്വം

ഡോ. എം.കെ.മുനീർ



PRESIDENT
District Panchayath
Kozhikode

കെ.എം. അഷ്റഫ് മാസ്റ്റർ
പ്രസിഡണ്ട്
കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്
കൊടുവള്ളി പി.ഒ., പിൻ: 673572

'സൗരഭ്യ', അരേങ്ങാട്
പൈപ്പ്ലൈൻ റോഡിൽ പി.ഒ.
താമരശ്ശേരി
ഫോൺ: 9388080909
Email: ashrafkm3732@gmail.com

Ref

Date 30-04-21

സന്ദേശം

നമ്മുടെ ചുറ്റി വരുന്ന ജലസ്രോതസ്സുകൾ ഉപയോഗം, അനാദിനം കാണുന്ന മാലിന്യം, ജല ജന്യരോഗങ്ങൾ വർദ്ധിച്ചു വരുന്നു. ജല ജന്യരോഗങ്ങൾ വർദ്ധിച്ചു വരുന്നു. ഒഴിവാക്കപ്പെടുന്ന പൈപ്പുകൾ, ശരിയായ രീതിയിലുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണം, ഇതൊക്കെ ഇന്നത്തെ കാലത്തിന്റെ ആവശ്യമാണ്.

വർഷം തോറും വരുന്ന വേനൽ ചൂടിനെ കൂടുതൽ കരുതലോടെ നേരിടുക എന്നതാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്. അതിനായി ഓരോ വീടുകളിലും കുടിവെള്ള സ്രോതസ്സുകൾ വറ്റി വരണ്ട് കിടക്കുമ്പോൾ പോലും ഉപയോഗിക്കുന്ന ഉദാഹരണങ്ങൾ നമുക്കുണ്ടാവണം. ഇക്കാര്യത്തിൽ ബോധവൽക്കരണം ഉണ്ടാവേണ്ടതുണ്ട്. ഓരോരുത്തർ മനസ്സുവെച്ചാൽ മാത്രമേ ഈ മഹാപദ്ധതിയുടെ ഉദ്ദേശലക്ഷ്യത്തിലെത്തിക്കാൻ നമുക്ക് കഴിയുകയുള്ളൂ. ഈ കാര്യം ഓർമ്മപ്പെടുത്തുന്നതിനായി ഓരോ വീടുകളിലും കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കപ്പെടണം. മഴവെള്ളം ഒഴുകി പോകുന്ന ഓരോ ഇടവും ഭൂമിയിൽ താഴ്ത്തുന്നതിനുള്ള ഇടപെടലുകൾ നടത്തണം. വെള്ളത്തിന്റെ ഉപയോഗം ചുരുക്കുന്നതിനുള്ള ബോധവൽക്കരണം നടത്തണം. ഇത് സംബന്ധിച്ച് ഓരോരുത്തരും സ്വന്തം വീടുകളിൽ സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. വരും തലമുറയെക്കുറിച്ച് ആലോചിക്കേണ്ടതുള്ളതു കൊണ്ട് നമ്മുടെ ഓരോ ഗ്രാമപ്രദേശത്തും മാറ്റം വരണം. ഓരോ പ്രദേശിക കൂട്ടായ്മകളും ഒന്നിച്ച് പ്രവർത്തിക്കുകയും ജല ലഭ്യതയെക്കുറിച്ചും ജല ആവശ്യങ്ങൾക്കുറിച്ചും ഒരു ഏകദേശധാരണ ഉണ്ടാക്കിയെടുക്കുകയും വേ

ഡോ. ടി.എൻ.സീമ (മുൻ എം.പി.)
കൊർഡിനേറ്റർ

കേരള സർക്കാർ



സന്ദേശം

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ മഴയുടെ ലഭ്യത കൂടുതലാണ്. ആഗോള താപനത്തിന്റെയും തൽഫലമായുള്ള കാലാവസ്ഥാ മാറ്റത്തിന്റെയും ഭാഗമായി കേരളത്തിൽ പല പ്രദേശത്തും പലപ്പോഴും അതിതീവ്ര മഴ ലഭ്യമാകുന്ന സാഹചര്യവുമുണ്ട്. എന്നാൽ വേനൽക്കാലത്ത് മിക്ക പ്രദേശങ്ങളിലും ആവശ്യത്തിനു ജലം ലഭ്യമാകുന്നുമില്ല എന്നതാണ് സ്ഥിതി. ഓരോ പ്രദേശത്തും മഴയിൽ നിന്നുൾപ്പെടെ ലഭിക്കുന്ന ജലത്തിന്റെ ലഭ്യതയും ജലാവശ്യകതയും കൃത്യമായി കണക്കാക്കി അതിനനുസൃതമായ ജലസംരക്ഷണ - ജലവിനിയോഗ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

മഴയുടെ തീവ്ര കുറഞ്ഞ കാലയളവുകളിൽ മറ്റു പ്രദേശങ്ങളിൽ പെയ്തുകിട്ടുന്ന ജലം ജലസംരംഭങ്ങളിലും ഉപരിതല ജല സ്രോതസ്സുകളിലും കൈ പമ്പാവധി സംഭരിക്കുകയും സാധ്യമായ സ്ഥലങ്ങളിൽ മുഴുവനായി ശേഖരിക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ വേനൽക്കാല ജല ക്ഷാമത്തിന് വലിയ അളവിൽ പരിഹാരം കാണാൻ കഴിയും. ഈ ലക്ഷ്യം മുന്നിൽ കണ്ടാണ് സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്.

ഓരോ ചെറു പ്രദേശത്തും ഒരു ചെറുകാലയളവിൽ പെയ്തു കിട്ടുന്ന മഴയിൽ നിന്നുള്ളതുൾപ്പെടെയുള്ള ജല ലഭ്യതയും അവിടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ട ജലത്തിന്റെയുമെല്ലാം താരതമ്യം ചെയ്ത്, ഓരോ സമയത്തും ജല മിച്ചമാണോ ജലക്ഷാമമാണോ അനുഭവപ്പെടുന്നത് എന്ന് കണ്ടെത്തുന്ന പ്രവർത്തനമാണ് ജല ബജറ്റിലൂടെ ചെയ്യുന്നത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്താകെ ജലബജറ്റ് തയ്യാറാക്കുവാനുള്ള ശ്രമത്തിലാണ്. രാജ്യത്തിനാകെ മാതൃകയാക്കാൻ കഴിയുന്ന രീതിയിൽ നടക്കുന്ന ഈ പ്രവർത്തനത്തിൽ പങ്കാളിയായതിൽ ഓമശ്ശേരി ഗ്രാമപഞ്ചായത്ത് നേതൃത്വത്തെ അഭിനന്ദിക്കുന്നു. ഗ്രാമ പഞ്ചായത്തു തലത്തിൽ തുടർന്നു നടക്കുന്ന ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും സഹായകരമായ അടിസ്ഥാന ശാസ്ത്രീയ ഡാറ്റയായി ഈ ജല ബജറ്റ് മാറട്ടെയെന്നും കൂടിവെള്ള ക്ഷാമമില്ലാത്തതും കൂടുതൽ സ്ഥലത്ത് എക്കാലവും കൃഷിചെയ്യാൻ കഴിയുന്നതുമായ ഒരു ജലസുരക്ഷാ പഞ്ചായത്തായി ഓമശ്ശേരി ഗ്രാമപഞ്ചായത്ത് മാറട്ടെയെന്നും ആശംസിക്കുന്നു.

ഡോ. ടി.എൻ. സീമ



സന്ദേശം

സഭകളും കർമ്മ പദ്ധതി വഴിയായി തുടക്കം കുറിച്ച പദ്ധതിയായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മോണിറ്ററിംഗ് തയ്യാറാക്കൽ എന്ന പുതുതായ നിർദ്ദേശത്തിലും ശാസ്ത്രീയവും ഭവിഷ്യത്തുമുള്ളതാണ് നിലവിലെ ഭൂപ്രദേശത്തിന്റെ ലഭ്യതയും ആവശ്യകതയും തമ്മിൽ തുലനം ചെയ്തിട്ട് വിവിധ മേഖലകളിലേക്കുള്ള ലഭ്യതക്കണം കൃത്യമായി ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ നവീന പദ്ധതി നടപ്പാക്കുന്നത്. കാലാവസ്ഥാ മാറ്റം ഗൗരവതരമായ തിരിയിൽ നമ്മുടെ ലഭ്യതയെയും കുടി പ്രവർത്തനങ്ങളെയും ജീവിതശൈലിയെയും ബാധിക്കുന്ന സാഹചര്യത്തിനായി ഇത്തരമൊരു മുന്നേറ്റം അനിവാര്യമാണ്. അതോടൊപ്പം നമ്മുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള അടിസ്ഥാന മേഖലയിലെ എല്ലാ വികസന -ഇടപെടൽ പ്രവർത്തനങ്ങളും മോണിറ്ററിംഗ് കൂടി കണക്കിലെടുത്തുകൊണ്ടായിരിക്കണം. ഇതിന്റെ അടിസ്ഥാനത്തിലാണ് ജനകീയ കൂട്ടായ്മയിലൂടെയും ഇടപെടലുകളിലൂടെയും ലഭ്യത വർധിപ്പിക്കാനും ഉപയോഗം നിയന്ത്രിക്കാനും മലിനീകരണം കുറക്കാനും വിതരണക്ഷമത കൂട്ടുവാനാക്കാനും കഴിയണം.

കൊഴിക്കോട് ജില്ലാ സഭകളും തിരുവന്റെ നേതൃത്വത്തിൽ ജില്ലയിലെ എല്ലാ തദ്ദേശ സ്വയം സ്ഥാപനങ്ങളിലും മോണിറ്ററിംഗ് തയ്യാറാക്കി എന്നറിയുന്നതിൽ സന്തോഷമുണ്ട്. സി.ഡബ്ല്യു.ആർ.ഡി.എം സംസ്ഥാന-ജില്ലാ തലങ്ങളിൽ ഈ മുന്നേറ്റത്തിന് ചേർന്ന് പ്രവർത്തിച്ചിട്ടുണ്ട്. ശാസ്ത്രീയ മാർഗ്ഗങ്ങളുപയോഗിച്ച്, ലഭ്യതയും ആവശ്യകതയും കണക്കാക്കാനും അവ തമ്മിലുള്ള അന്തരം കണ്ടെത്താനും കഴിഞ്ഞിട്ടുണ്ട്. ഈ മോണിറ്ററിംഗ് രേഖ സഭയുടെയായി മാറ്റി അടിസ്ഥാനമേഖലയിലെ എല്ലാ പദ്ധതികളും കാലാവസ്ഥാമാറ്റം, കാർബൺ സൂചിക തുടങ്ങിയ പുതുതായി രൂപകൽപന ചെയ്യപ്പെടുന്ന പദ്ധതികളും ഇതുമായി കൂട്ടിയിണക്കി പ്രവർത്തന പാതയിലെത്തിക്കാൻ കഴിയണം. ഈ സമഗ്രപദ്ധതിന് മോണിറ്ററിംഗ് വികസന വിനിയോഗ കേന്ദ്രത്തിന്റെ എല്ലാ വിധ ആശംസകളും.

ഡോ.മോഹൻ പി നായർ
എക്സിക്യൂട്ടീവ് ഡയറക്ടർ
KSCSTE-മോണിറ്ററിംഗ് വികസന വിനിയോഗ കേന്ദ്രം



അവതാരിക

ബഹുമാന്യരേ,

നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനും നിരന്തരമായി തകിടം മറിഞ്ഞുകൊണ്ടിരിക്കുന്ന സൂഷ്മ കാലാവസ്ഥാമാറ്റത്തെ അതിജീവിക്കാനും സമഗ്രവും ശാസ്ത്രീയവുമായ നീർത്തടാധിഷ്ഠിത വികസനത്തിലൂടെയെ കഴിയൂ. മണ്ണ്,ജലം, ജൈവസമ്പത്ത് എന്നീ അമൂല്യ വിഭവങ്ങളെ കൈകാര്യം ചെയ്യാൻ പറ്റിയ ശാസ്ത്രീയ വികസന യൂണിറ്റുകളാണ് നീർത്തടങ്ങൾ. മഴയെ അതത് ഇടങ്ങളിൽ സംരക്ഷിച്ചും മണ്ണിന്റെ ഉല്പ്പാദന ക്ഷമത വർദ്ധിപ്പിച്ചും മാത്രമേ സുസ്ഥിര വികസന്നം സാധ്യമാവൂ.

ജലലഭ്യതയും ഉപയോഗവും കണക്കാക്കി തദ്ദേശ സ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ രാജ്യത്ത് ആദ്യമായാണ് ജലബജറ്റ് തയ്യാറാക്കുന്നത്. ജലസംഭരണം ഉറപ്പാക്കുന്നതിനും ജലഉപഭോഗം കണക്കിലാക്കി പരിപാടികൾ ആവിഷ്കരിക്കേണ്ടതിനും ജലബജറ്റ് അനിവാര്യമാണ്.

ഹരിതകേരളമിഷൻ, സി ഡബ്ല്യു.ആർ.ഡി.എം, വാട്ടർ അതോറിറ്റി, കൃഷിവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവരുടെ സഹായവും ബജറ്റ് തയ്യാറാക്കുന്നതിന് ലഭിച്ചിട്ടുണ്ട്.ജലസംരക്ഷണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും നൂതന കൃഷിരീയി വ്യാപിപ്പിക്കുന്നതിനും ഈ ജലബജറ്റ് ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന് മുതൽക്കൂട്ടായിരിക്കും.

സ്നേഹാദരപൂർവ്വം

പി.കെ ഗംഗാധരൻ
പ്രസിഡണ്ട്
ഓമശ്ശേരി ഗ്രാമപഞ്ചായത്ത്

സംഗ്രഹം

കേരളത്തിൽ ഒരു വർഷം പെയ്തുകിട്ടുന്ന മഴയുടെ അളവ് നമ്മുടെ സംസ്ഥാനത്ത് ആകെ ഉണ്ടാകുന്ന ജല ആവശ്യങ്ങൾ നിറവേറ്റുന്നതിന് മതിയാകുന്നതാണ്. എന്നാൽ ഇതിന്റെ സ്ഥലകാല വ്യതിയാനം കാരണം എല്ലായിടത്തും എല്ലാകാലത്തും ആവശ്യത്തിന് ജല ലഭ്യതയുറപ്പാക്കാൻ സാധിക്കാതെ പോകുന്നു. നമ്മുടെ ഭൂപ്രകൃതിയുടെ പ്രത്യേകത കാരണം പെയ്ത് കിട്ടുന്ന ജലം വളരെ വേഗത്തിൽ ഒഴുകി കടലിലെത്തുന്നു. അതുകൊണ്ട് തന്നെ നമ്മുടെ ഓരോ കാലത്തുമുള്ള ജല ലഭ്യതയും ജല ആവശ്യങ്ങളും താരതമ്യം ചെയ്ത് ജലദൗർലഭ്യം അനുഭവപ്പെടുന്ന സമയങ്ങളിൽ ജല ലഭ്യത ഉറപ്പാക്കിക്കൊണ്ടു മാത്രമെ ജല സുരക്ഷയിലേക്കെത്താനാകൂ. ഓരോ സ്ഥലത്തെയും പ്രാദേശിക പ്രത്യേകതകളും മഴയുടെ ലഭ്യതയും പരിഗണിച്ചുകൊണ്ടും, സൂക്ഷ്മ നീർത്തടങ്ങളെ അടിസ്ഥാന യൂണിറ്റായി എടുത്തുകൊണ്ടും, ജല ലഭ്യതയും ജല ആവശ്യങ്ങളും താരതമ്യം ചെയ്ത് ജല ദൗർലഭ്യവും അധിക ജല ലഭ്യതയും അതനുഭവപ്പെടുന്ന കാലവും കണക്കാക്കുന്നതിനായാണ് ജലബജറ്റ് തയ്യാറാക്കുന്നത്. പ്രാദേശിക ജലബജറ്റ് എന്ന രീതിയിൽ ഓമശ്ശേരി ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിലാണ് ഈ ജലബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഒരു വർഷത്തിലെ ജൂൺമാസം മുതൽ അടുത്ത വർഷത്തിലെ മെയ് മാസം വരെയുള്ള ഓരോ 10 ദിവസത്തേയും ജല ലഭ്യതയും ജല ആവശ്യങ്ങളും താരതമ്യം ചെയ്യുന്ന രീതിയാണ് ഈ ജല ബജറ്റിലുള്ളത്. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഓമശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ ജനകീയമായിട്ടാണ് ഈ ജല ബജറ്റിംഗ് പ്രവർത്തനം നടത്തിയിട്ടുള്ളത്. ഇതിന് ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങളും പിന്തുണയും സംസ്ഥാന സർക്കാരിന്റെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന ജല വിഭവ വിവര വിനിയോഗ കേന്ദ്രം (CWRDM) ലഭ്യമാക്കിയിരുന്നു.

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഒരു ഗ്രാമ പഞ്ചായത്താണ് ഓമശ്ശേരി ഗ്രാമ പഞ്ചായത്ത്. 24.56 ചതുരശ്ര കിലോമീറ്റർവസ്ത്യതിയുള്ള ഈ ഗ്രാമ പഞ്ചായത്തിൽ 16.81 ചതുരശ്ര കിലോമീറ്റർ കൃഷിഭൂമിയും 1.51 ചതുരശ്ര കിലോമീറ്റർ തരിശു ഭൂമിയുമാണ്. 2011 ലെ സെൻസസ് (22788) നു ശേഷം ഐ.സി.ഡി. എസ് പ്രോജക്ട് കുന്ദമംഗലം, സെൻസസ് 2012 മാർച്ച് കണക്കുകൾ പ്രകാരം ഇവിടുത്തെ ജനസംഖ്യ 37252 ആണ്.

മഴയിൽനിന്നുള്ള ജല ലഭ്യതയാണ് ഈ ജലബജറ്റിൽ പരിഗണിച്ചിട്ടുള്ളത്. കുറ്റിയാടി ജല സേചന പദ്ധതി വഴി പഞ്ചായത്തിന്

അകത്തേയ്ക്കും അകത്തു നിന്ന് പുറത്തേക്കും ജലം ഒഴുകുന്നുണ്ട്.

ഐ.ഡി.ആർ.ബിയുടെ കോരപ്പുഴ റിവർബേസിലെ കുന്ദമംഗലം സ്റ്റേഷനിലെ വർഷമാപിനിയിൽ നിന്നുള്ള മഴ ലഭ്യതാ വിവരങ്ങളാണ് ഈ ജലബജറ്റിനായി പരിഗണിച്ചിട്ടുള്ളത്. 2013-14 മുതൽ 2021-22 വരെ തുടർച്ചയായ 10 ജല വർഷങ്ങളിലെ മഴ ലഭ്യതയുടെ ശരാശരിയാണ് ഈ ജല ബജറ്റിൽ ഉപയോഗിച്ചിട്ടുള്ളത്. 10 വർഷത്തെ ശരാശരി വാർഷിക മഴ ലഭ്യത 3183.4 മി. മി ആണ്. ഇതിൽ ജൂൺ അവസാനത്തെ 10 ദിവസം മുതൽ സെപ്തംബർ രണ്ടാമത്തെ 10 ദിവസം വരെ 1443.78 മി. മി മഴ ലഭിച്ചപ്പോൾ സെപ്തംബർ അവസാനത്തെ 10 ദിവസം മുതൽ ഏപ്രിൽ അവസാനത്തെ 10 ദിവസം വരെ 754.48 മി. മി മഴ മാത്രമാണ് ലഭിച്ചത്. മെയ് മാസത്തിൽ 226.2 മി. മി മഴ ലഭിച്ചു.

ജല ആവശ്യങ്ങൾ നിർണ്ണയിക്കുന്നതിന് പ്രധാനമായും ഗാർഹികം, കൃഷി, മൃഗ സംരക്ഷണം, വ്യാപാരം, വ്യവസായം, പൊതു-സ്വകാര്യ സ്ഥാപനങ്ങൾ, വിനോദ സഞ്ചാരം എന്നീ മേഖലകൾക്കുള്ള ജല ആവശ്യമാണ് പരിഗണിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനസംഖ്യ, പക്ഷി മൃഗാദികളുടെ എണ്ണം, ഓരോ തരം വിളകളും കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി, വ്യവസായ, വാണിജ്യ, പൊതു-സ്വകാര്യ സ്ഥാപനങ്ങളുടെ ജല ഉപയോഗത്തിന്റെ തോതനുസരിച്ചുള്ള എണ്ണം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് വന്നു പോകുന്ന വിനോദ സഞ്ചാരികളുടെ എണ്ണം എന്നീ വിവരങ്ങൾശേഖരിച്ച്, ഇവയ്ക്ക് ഓരോന്നിനും വേണ്ട ജലത്തിന്റെ അളവ് കണക്കാക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതുകൂടാതെ ഭൂമിയുടെ ഉപയോഗത്തിനനുസരിച്ച് (വനം, കൃഷി, വ്യവസായം മുതലായവ) നീരൊഴുക്ക് ഏകകം കണക്കാക്കി, അതിനനുസരിച്ചുള്ള നീരൊഴുക്ക് കൂടി ഈ ജല ബജറ്റിൽ പരിഗണിക്കുന്നുണ്ട്. പാരിസ്ഥിതിക ആവശ്യങ്ങൾ ഉൾപ്പെടെയുള്ള വിവിധങ്ങളായ മറ്റ് ആവശ്യങ്ങൾക്ക് മാറ്റി വയ്ക്കുന്നതിനായി ആകെ ജല ലഭ്യതയുടെ 50% മാത്രമേ ജലബജറ്റിലെ ജല ലഭ്യതയായി പരിഗണിക്കുന്നുള്ളൂ.

നെല്ല്, മരച്ചീനി, വാഴ, മുളക്, ഇഞ്ചി, തെങ്ങ്, കമുക്, മാവ്, കുരുമുളക്, റബ്ബർ മുതലായവയാണ് ഓമശ്ശേരി ഗ്രാമ പഞ്ചായത്തിലെ പ്രധാന കൃഷികൾ. പശു, എരുമ, ആട് എന്നീ മൃഗങ്ങളും കോഴിയുമാണ് പ്രധാനമായി ഗ്രാമ പഞ്ചായത്തിൽ വളർത്തുന്നത്.

ഓരോ പത്തു ദിവസത്തേയും ജല ലഭ്യതയും ജല ആവശ്യവും താരതമ്യം ചെയ്ത് ജലജറ്റ് തയ്യാറാക്കിയപ്പോൾ ജനുവരി ആദ്യത്തെ പത്തു ദിവസം മുതൽ ഏപ്രിൽ അവസാനത്തെ പത്തു ദിവസം വരെ

ജലകമ്മിയും ബാക്കി ദിവസങ്ങളിൽ ജല മിച്ചവുമാണ് കാണാൻ കഴിഞ്ഞത്. എന്നാൽ ഒരു വർഷത്തെ ആകെ ജല ലഭ്യത 26.11 ദശലക്ഷം ഘനമീറ്ററും ജല ആവശ്യം 8.54 ദശലക്ഷം ഘനമീറ്ററും ജല മിച്ചം 17.57 ദശലക്ഷം ഘനമീറ്ററും ആണ്.

18 തോടുകളും, 4 പൊതു കുളങ്ങൾ, 48 സ്വകാര്യ കുളങ്ങൾ, 27 പൊതു കിണറുകൾ ഗ്രാമ പഞ്ചായത്തിൽ ഉണ്ട്. കൂടാതെ വിസ്തൃതമായ പാടശേഖരങ്ങളും ഉണ്ട്. ഈ ജല സ്രോതസ്സുകളിലും അവയുടെ വൃഷ്ടി പ്രദേശങ്ങളിലും ശാസ്ത്രീയമായ ജല സംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച്, മഴക്കാലത്തിനു ശേഷം ലഭിക്കുന്ന മഴയിലൂടെയും വേനൽ മഴയിലൂടെയും ലഭ്യമാകുന്ന ജലം പരമാവധി സംഭരിച്ച് വിനിയോഗിക്കുന്നതിനുള്ള ഇടപെടലുകൾ, വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടത്തുക വഴി ഓമശ്ശേരി ഗ്രാമ പഞ്ചായത്തിലെ ജലസുരക്ഷ ഉറപ്പാക്കാനാകും എന്നാണ് വിലയിരുത്തുന്നത്.

ഉള്ളടക്കം

	പേജ്
ആമുഖം	19-22
1. പൊതുവിവരങ്ങൾ	23-48
1.1 അടിസ്ഥാനവിവരങ്ങൾ	23-30
1.2 ജനപ്രകൃതി	31
1.3 ഭൂപ്രകൃതിയും കാലാവസ്ഥയും	32
1.4 ജലവിഭവം	33
1.5 മൺതരങ്ങൾ	34
1.6 ഭൂവിനിയോഗം	34
1.7 പൊതു ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ	35
1.8 പഞ്ചായത്തിലെ ജലസ്രോതസ്സുകളെ സംബന്ധിച്ച വിവരങ്ങൾ	35
1.9 പഞ്ചായത്തിലെ നിലവിലുള്ള കുടിവെള്ള പദ്ധതികൾ	36
1.10 നീർത്തടങ്ങൾ, നീർത്തട മാപ്പ്	40
1.11 ജലസംരക്ഷണ മേഖലയിൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ	41-48
2. രീതിശാസ്ത്രം	49-61
2.1 സാങ്കേതികസമിതി	49
2.1.1 യോഗങ്ങൾ	50
2.2 വിവരവിശകലനവും ഉപയോഗപ്പെടുത്തലും	51
2.3 ജലതുല്യതാ (Water Balance) പഠനം	52
2.4 ജലലഭ്യത	52-55
2.4.1 മഴലഭ്യത	52
2.4.2 ഉപരിതല ജല ലഭ്യത	53
2.4.3 ഭൂജല ജല ലഭ്യത കണക്കാക്കൽ	54
2.4.4 ഗ്രാമപഞ്ചായത്തിന് അകത്തേയ്ക്കും പുറത്തേക്കുമുള്ള ജല വിതരണം	55


2.4.5 ആദ്യത്തെ 10 ദിവസം ലഭ്യമായ ആകെ ജലം	55
2.5 ജല ആവശ്യം	55-59
2.5.1 ഗാർഹിക ആവശ്യം	55
2.5.2 കാർഷിക ജല ആവശ്യകത	56
2.5.3 വ്യവസായ വാണിജ്യ സ്ഥാപനങ്ങളിലെ ജല ആവശ്യകത	59
2.5.4 വിനോദസഞ്ചാരമേഖലയിലെ ജല ആവശ്യകത	59
2.5.5 ആകെ ജല ആവശ്യം	59
2.6 ജല ബജറ്റ്	59
2.7തുടർപ്രവർത്തനങ്ങൾ	61
3. ജലബജറ്റ്	62-82
3.1 പൊതുവിവരങ്ങൾ	62
3.2 ജലലഭ്യത	62-65
3.2.1 മഴ ലഭ്യത	62
3.2.2 ആകെ ജല ലഭ്യത	65
3.3 ജല ആവശ്യം	68-79
3.3.1 ഗാർഹികം	68
3.3.2 വാണിജ്യം	68
3.3.3 കൃഷി	69
3.3.4 മൃഗസംരക്ഷണം	77
3.3.5 വ്യാവസായികം	77
3.3.6 പൊതുസ്ഥാപനങ്ങൾ	78
3.3.7 സ്വകാര്യ സ്ഥാപനങ്ങൾ	78
3.3.8 വിനോദ സഞ്ചാര ആവശ്യങ്ങൾ	79
3.3.9 ആകെ ജല ആവശ്യം	79
3.4 ജലബജറ്റ്	82
4. തുടർ പ്രവർത്തനങ്ങൾ	85-95
അനുബന്ധം	96-163

ആമുഖം

ജീവന്റെ ഉറവിടം ജലമാണ് ജീവന്റെ നിലനിൽപ്പിന് ആധാരവും ജലമാണ്. കുടിക്കാനും ഗാർഹിക ആവശ്യങ്ങൾക്കും മാത്രമല്ല കാർഷിക വ്യവസായിക ആവശ്യങ്ങൾക്കും വൈദ്യുതി ഉൽപാദനത്തിനും എല്ലാം വെള്ളം വേണം. എന്നാൽ സംസ്ഥാനം ഇന്ന് രൂക്ഷമായ ജലക്ഷാമം നേരിട്ടുകൊണ്ടിരിക്കുകയാണ്. ലഭ്യമാകുന്ന ജലം കൃത്യമായി ഉപയോഗിക്കാൻ കഴിയാത്തതാണ് ഇതിന് കാരണം. ജലക്ഷാമം നേരിടുമ്പോൾ തന്നെ ജലത്തിന്റെ അമിത ഉപയോഗവും ദുരുപയോഗവും പാഴാക്കലും നടക്കുന്നു. വെള്ളത്തിന്റെ പ്രശ്നം ജലവിതരണ പ്രശ്നമായി ചുരുക്കി കണ്ട് ജലവിതരണ പദ്ധതികൾ ധാരാളമായി തയ്യാറാക്കുന്നു. ജലസംരക്ഷണം വിസ്മരിക്കുന്നു. മണ്ണിലാണ് വെള്ളം ശേഖരിക്കപ്പെടുന്നതും സംരക്ഷിക്കപ്പെടുന്നതും എന്നതിനാൽ മണ്ണും, മണ്ണിനെ മണ്ണാക്കി നിർത്തുന്നത് ജൈവ വസ്തുക്കൾ ആകയാൽ ജൈവവസ്തുക്കളും, സംരക്ഷിച്ചുകൊണ്ടേ ജലത്തെ സംരക്ഷിക്കുവാനാവൂ.

ഹരിതകേരളം മിഷനിലൂടെ സംസ്ഥാന സർക്കാർ പ്രാദേശിക ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും പരിപാലനവും സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. ഈ മേഖലയിലെ എല്ലാ വകുപ്പുകൾക്കും ഏജൻസികൾക്കും തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ഒരുമിച്ചു പ്രവർത്തിക്കുന്നതിനുള്ള വേദി ഒരുക്കുക എന്നതാണ് മിഷന്റെ ലക്ഷ്യം. ഇത്തരത്തിൽ തദ്ദേശ ഭരണ സ്ഥാപങ്ങൾക്ക് സാങ്കേതിക മികവുള്ള പദ്ധതികൾ, പ്രാദേശിക പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് തയ്യാറാക്കി നടപ്പിലാക്കുന്നതിനു കഴിയും. ജലബജറ്റ് തയ്യാറാക്കുന്നതിനായി ഇത്തരത്തിൽ ബന്ധപ്പെട്ട എല്ലാവരും ചേർന്നു പ്രവർത്തിക്കുന്ന രീതിയാണ് ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ അവലംബിച്ചത്.

ഓമശ്ശേരി ഗ്രാമപഞ്ചായത്ത്



ഓമശ്ശേരി ഗ്രാമപഞ്ചായത്ത്

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിൽ കൊടുവള്ളി ബ്ളോക്ക് പഞ്ചായത്ത് പരധിയിൽ പുത്തൂർ രാരോത്ത് കുടത്തായ്, നീലേശ്വരം, ചാത്തമംഗലം എന്നീ വില്ലേജുകൾ ഉൾപ്പെട്ട ഭൂപ്രദേശത്താണ് ഓമശ്ശേരി ഗ്രാമപഞ്ചാത്ത് സ്ഥിതി ചെയ്യുന്നത്. തികച്ചും ഒരു കാർഷിക മേഖലയാണ് ഓമശ്ശേരി ഗ്രാമപഞ്ചാത്ത്. കാർഷിക സമ്പദ്ഘടനയും ഗ്രാമീണ സംസ്കരവുമാണ് അതിന്റെ മുഖമുദ്ര 1970 ജൂലൈ 30 ന് നിലവിൽ വന്ന ഈ ഗ്രാമപഞ്ചായത്ത് സമീപ പഞ്ചായത്തുകളായ പുതുപ്പാടി, താമരശ്ശേരി, കൊടുവള്ളി, ചാത്തമംഗലം, മുക്കം, കോടഞ്ചേരി എന്നീ പഞ്ചായത്തുകളിൽ നിന്നുള്ള ഭൂപ്രദേശങ്ങൾ കൂട്ടിച്ചേർത്താണ് രൂപികരിച്ചത്. വടക്ക് പശ്ചിമഘട്ട പർവ്വത നിരകളാൽ അനുഗ്രഹീതമായ കോടഞ്ചേരി ഗ്രാമപഞ്ചായത്തും വടക്ക് കിഴക്ക് വെള്ളരിമലയും ഈ പഞ്ചായത്തിനെ സമീപ പഞ്ചായത്തുകളിൽ നിന്നും വേർത്തിരിക്കുന്നു. വയനാടൻ ചുരത്തിൽ നിന്നും ഉത്ഭവിച്ച് പുതുപ്പാടി കോടഞ്ചേരി പഞ്ചായത്തുകളിലൂടെ ഒഴുകി വരുന്ന ഇരുതുള്ളിപുഴ ഇതിന്റെ വടക്ക് പടിഞ്ഞാറൻ അതിർത്തിയാണ്. തെക്കു കിഴക്ക് ചാത്തമംഗലം ഗ്രാമപഞ്ചായത്തും മുക്കം മുനിസിപ്പാലിറ്റിയുമാണ്

ഭൂപ്രകൃതി അനുസരിച്ച് ഓമശ്ശേരി പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശത്തെ കുത്തനെ ചെരിവുകളുള്ള കുന്നിൽ പ്രദേശങ്ങൾ, മിതമായ ചെരിവുകളോടു കൂടിയ സമതലങ്ങൾ, താഴ് വരകൾ എന്നന്നിങ്ങനെ മുന്നായി തരംതിരിക്കാ. കുത്തനെ ചെരിവുകളുള്ള കുന്നിൽ പ്രദേശങ്ങളിൽ ചെങ്കൽമണ്ണും ചരൽ കലർന്ന വെട്ടുകല്ലുകളും കാണപ്പെടുന്നു. മിതമായ ചെരിവുകളോടുകൂടിയ സമതലപ്രദേശങ്ങളിൽ ചരൽകലർന്ന ചെങ്കൽ മണ്ണും നെൽവയലുകളിലും താഴ്വര പ്രദേശങ്ങളിൽ എക്കൽമണ്ണും മണൽകലർന്ന എക്കൽ മണ്ണും കാണപ്പടുന്നു. പഞ്ചായത്തിന്റെ കൂടുതൽ സ്ഥലങ്ങളിലും തെങ്ങ്കൃഷിയാണ് കാണപ്പെടുന്നത്. തെങ്ങും കവുങ്ങും ഇടകർന്ന് ചെയ്യുന്ന സമ്മിശ്ര കൃഷി മുൻകാലങ്ങളിൽ വ്യാപകമായിട്ടുണ്ടായിരിന്നങ്കിലും ഇപ്പോൾ തെങ്ങ് കൃഷിയാണ് ചെയ്തുവരുന്നത്. സമീപകാലത്തായി വിളവിസ്തൃതിയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളത് റബ്ബർ കൃഷിയിലാണ്.

കേരളത്തിലെ മറ്റേതൊരു ഗ്രാമങ്ങൾ എന്നപോലെ ഓമശ്ശേരിയിലും അടിസ്ഥാന വികസന സൗകര്യങ്ങൾ മെച്ചപ്പെട്ടു വന്നത് 1900 ന് ശേഷമാണ് . 1900 മുതൽ 1970 വരെയുള്ള കാലഘട്ടം ഓമശ്ശേരിയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്. ഒട്ടേറെ പൊതു സംരംഭങ്ങൾ

തുടങ്ങുന്നതിന് സാക്ഷ്യം വഹിച്ച വർഷങ്ങളാണ്. മറ്റു പ്രദേശങ്ങളിലുള്ളതുപോലെ ആശാൻ പള്ളിക്കുടങ്ങളെയും കുടിപള്ളിക്കൂടങ്ങളെയും ആശ്രയിച്ചുള്ള വിദ്യാഭ്യാസമായിരിന്നു ഓമശ്ശേരിയിലും ഉണ്ടായിരുന്നത് ഇത് കേവലം ഒരു ചെറുvയൂനപക്ഷത്തിനു മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഇതിനു ഒരു മാറ്റം വന്നത് 1922 ൽ ഓമശ്ശേരിയിൽ ഔപചാരിക വിദ്യഭ്യാസത്തിന് തുടക്കം കുറിച്ചതോടെയാണ് ഇന്നത്തെ പുത്തൂർ ഗവൺമെന്റ് യൂ. പി സ്കൂൾ ആണ് ഓമശ്ശേരിയിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനം 1966 ൽ ആരംഭിച്ച സെന്റ് മേരീസ് ഹൈസ്കൂളാണ് ഓമശ്ശേരിയിലെ ആദ്യത്തെ ഹൈസ്കൂൾ. വിദ്യാഭ്യാസ സാംസ്കാരിക മേഖലയിൽ എന്ന പോലെ തന്നെ ആധുനിക ചികത്സരംഗത്തും മുൻകാല.ങ്ങളിൽ ഓമശ്ശേരി പിന്നോക്കാവസ്ഥയിലായിരുന്നു. രോഗശമനത്തിനായി പാരമ്പര്യ വൈദ്യന്മാരേയും മന്ത്രവാദത്തെ.യും ആശ്രയിച്ചിരുന്ന ജനങ്ങൾക്ക് ആധുനിക ചികിത്സ സ്വത്തം നാട്ടിൽ ലദ്യമായത് 1970 കൾക്ക് സ്ഥാപിക്കപ്പെട്ട ഓമശ്ശേരിയിലെ സഹകരണ ആശുപത്രിയാണ് ഈ രംഗത്തെ തുടക്കക്കാരൻ. ഇന്ന് ആധുനിക ചികിത്സ തേടി പുറം സ്ഥങ്ങളിൽ നിന്നുപോലും ആളുകൾ ഓമശ്ശേരിയിൽ എത്തിപ്പെടുന്നുണ്ട്

ഓമശ്ശേരിയുടെ അടിസ്ഥാന വികസനവുമായി ബന്ധപ്പെടുത്തി പഞ്ചായത്തിനെ ഒരു വിലയിരുത്തിലിന് വിധേയമാവുമ്പോൾ കഴിഞ്ഞ അരനൂറ്റാണ്ട് ഓമശ്ശേരിയുടെ അടിസ്ഥാനവികസനരംഗത്ത് ഉണ്ടാക്കിയ മാറ്റങ്ങൾ നാം പരിഗണിക്കേണ്ടതാണ്. സമീപകാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് വിലയിരുത്തുവാൻ നമുക്ക് കഴിയണം. ഓമശ്ശേരിയുടെ മണ്ണും ജലവും ജൈവസമ്പത്തും ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെന്ന് നാം തിരച്ചറിയണം. ഈ തിരിച്ചറിവുകളിലൂടെ മണ്ണിനെയും വെള്ളത്തെയും ജൈവസമ്പത്തിനെയും സംരക്ഷിച്ചുകൊണ്ടുള്ള ഒരു വികസന സമീപനം നാം നടപ്പിലാക്കണം

1 പൊതുവിവരങ്ങൾ

1.1 അടിസ്ഥാന വിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	ഓമശ്ശേരി ഗ്രാമപഞ്ചായത്ത്
ജില്ല	:	കോഴിക്കോട്
ബ്ലോക്ക്	:	കൊടുവള്ളി
താലൂക്ക്	:	താമരശ്ശേരി
ഉൾപ്പെടുന്ന വില്ലേജുകൾ	:	പുത്തൂർ, കൂടത്തായ്, നീലേശ്വരം, ചാത്തമംഗലം, രാരോത്ത്
പോലീസ് സ്റ്റേഷൻ	:	
കൊടുവള്ളി		
പോസ്റ്റ് ഓഫീസുകൾ	:	ഓമശ്ശേരി,കൂടത്തായ്ബസാർ, വേനപ്പാറ,കല്ലുരുട്ടി, പുത്തൂർ,മലയമ്മ, നിലേശ്വരം
വാർഡ്	:	19
നീർത്തടങ്ങൾ	:	6
അസംബ്ലി മണ്ഡലം	:	കൊടുവള്ളി
പാർലമെന്റ് മണ്ഡലം	:	കോഴിക്കോട്
വിസ്തീർണ്ണം	:	24.56 ചി.കി.മീ
ജനസംഖ്യ	:	37252 (ICDS 2021)
പുരുഷന്മാർ	:	18752
സ്ത്രീകൾ	:	18500

1.1.1 അതിരുകൾ

കിഴക്ക് : കോടഞ്ചേരി ഗ്രാമ പഞ്ചായത്ത്, മുക്കം മുനിസിപ്പാലിറ്റി

പടിഞ്ഞാറ് : താമരശ്ശേരി ഗ്രാമ പഞ്ചായത്ത്,

കൊടുവള്ളി മുനിസിപ്പാലിറ്റി

വടക്ക് : താമരശ്ശേരി, കോടഞ്ചേരി ഗ്രാമ പഞ്ചായത്ത്

തെക്ക് : ചാത്തമംഗലം ഗ്രാമ പഞ്ചായത്ത്, മുക്കം മുനിസിപ്പാലിറ്റി

1.1.2 വാർഡുകൾ

വാർഡുകൾ (19)			
1	കൂടത്തായ്	11	നടമ്മൽ പൊയിൽ
2	കാക്കാട്ട്കുന്ന്	12	കണിയാർകണ്ടം
3	ചെമ്മരുതായ്	13	കുളത്തക്കര
4	പെരിവില്ലി	14	വെളിമണ്ണ
5	കാട്ടുമുണ്ട	15	പുത്തൂർ
6	ഓമശ്ശേരി ഈസ്റ്റ്	16	മങ്ങാട് വെസ്റ്റ്
7	ഓമശ്ശേരി വെസ്റ്റ്	17	മങ്ങാട് ഈസ്റ്റ്
8	അമ്പലക്കണ്ടി	18	ചക്കിക്കാവ്
9	ആലുതറ	19	മേപ്പള്ളി
10	വെണ്ണക്കോട്		

1.1.3 ഗ്രാമപഞ്ചായത്ത് ഭരണ സമിതി - ഭരണ നിർവ്വഹണ ചുമതലകൾ

പ്രസിഡണ്ട്	ശ്രീ പികെ ഗംഗാധരൻ	
വൈസ് പ്രസിഡണ്ട്	ശ്രീമതി ഫാത്തിമ അബു	
ഗ്രാമപഞ്ചായത്ത് സെക്രട്ടറി	ശ്രീ. മുഹമ്മദ് ലുക്മാൻ എം.പി	

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ചെയർപേഴ്സൺ	ശ്രീമതി ഫാത്തിമ അബു	
	ശ്രീമതി. രാധാമണി എം.എം	

മെമ്പർമാർ	ശ്രീ. ഇബ്രാഹിം പി	
	ശ്രീ മൂസ നെടിയേടത്ത്	

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ചെയർമാൻ	**ശ്രീ യൂനുസ് അമ്പലക്കണ്ടി**	
	ശ്രീ അബ്ദുൽ നാസർ പി	
	ശ്രീ ആനന്ദകൃഷ്ണൻ	

മെമ്പർമാർ	ശ്രീമതി. ഷീജ എം	
	ശ്രീമതി രജിത കെ.പി	

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ചെയർപേഴ്സൺ	**ശ്രീമതി സീനത്ത് തട്ടാഞ്ചേരി**	
മെമ്പർമാർ	ശ്രീമതി. സുഹറ ഒപി	
	ശ്രീ അശോകൻ പുനത്തിൽ	

	ശ്രീമതി ഉഷാദേവി	

ആരോഗ്യ,വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

ചെയർമാൻ	**ശ്രീ കെ കരുണാകരൻ മാസ്റ്റർ**	
മെമ്പർമാർ	ശ്രീ സൈനുദ്ധീൻ കുളത്തക്കര	
	ശ്രീമതി. ഷീല എം	
	ശ്രീമതി ആയിശ സി എ	

1.1.4 ഗ്രാമപഞ്ചായത്തിലെ വാർഡുകൾ

വാർഡ്	വാർഡിന്റെ പേര്	അംഗത്തിന്റെ പേര്
1	കൂടത്തായ്	ശ്രീമതി. ഷീജ എം
2	കാക്കാട്ട്കുന്ന്	ശ്രീ കെ കരുണാകരൻ മാസ്റ്റർ
3	ചെമ്മരുതായ്	ശ്രീമതി. രാധാമണി എം.എം
4	പെരിവില്ലി	ശ്രീമതി രജിത കെ.പി
5	കാട്ടുമുണ്ട	ശ്രീ പികെ ഗംഗാധരൻ
6	ഓമശ്ശേരി ഈസ്റ്റ്	ശ്രീമതി ആയിശ സി എ
7	ഓമശ്ശേരി വെസ്റ്റ്	ശ്രീമതി ഫാത്തിമ അബു
8	അമ്പലക്കണ്ടി	ശ്രീ യൂനുസ് അമ്പലക്കണ്ടി
9	ആലുതറ	ശ്രീ അശോകൻ പുനത്തിൽ
10	വെണ്ണക്കോട്	ശ്രീ മൂസ നെടിയേടത്ത്
11	നടമ്മൽ പൊയിൽ	ശ്രീമതി. സുഹറ ഒപി
12	കണിയാർകണ്ടം	ശ്രീ. ഇബ്രാഹിം പി
13	കുളത്തക്കര	ശ്രീ സൈനുദ്ധീൻ കുളത്തക്കര
14	വെളിമണ്ണ	ശ്രീമതി സീനത്ത് തട്ടാഞ്ചേരി
15	പുത്തൂർ	ശ്രീ അബ്ദുൽ നാസർ പി
16	മങ്ങാട് വെസ്റ്റ്	ശ്രീ ആനന്ദകൃഷ്ണൻ
17	മങ്ങാട് ഈസ്റ്റ്	ശ്രീമതി പങ്കജവല്ലി
18	ചക്കിക്കാവ്	ശ്രീമതി. ഷീല എം
17	മേപ്പള്ളി	ശ്രീമതി ഉഷാദേവി

ഓമശ്ശേരി ഗ്രാമപഞ്ചായത്ത്

ക്രമനമ്പർ	പേരും വിലാസവും	ഫോൺ ഇ മെയിൽ	ആസൂത്രണ സമിതിയിലെ സ്ഥാനം	ഉൾപ്പെടുന്ന വിഭാഗം
.1	പികെ ഗംഗാധരൻ (പ്രസിഡണ്ട്)	9495308549	അദ്ധ്യക്ഷൻ	പ്രസിഡണ്ട്
.2	കെകെ അബ്ദുള്ളക്കുട്ടി	9446886763	ഉപാദ്ധ്യക്ഷൻ	വിദഗ്ദ്ധ അംഗം
.3	ഫാത്തിമ അബു	9744784217	അംഗം	സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ
.4	യൂനുസ് അമ്പലക്കണ്ടി	7025943553	അംഗം	സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ
.5	സീനത്ത് തട്ടാഞ്ചേരി	8086100710	അംഗം	സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ
.6	കെ കരുണാകരൻ മാസ്റ്റർ	9497303657	അംഗം	സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ
.7	ആനന്ദകൃഷ്ണൻ	9946438326	അംഗം	വാർഡ് മെമ്പർ
8	മൂസ നെടിയേടത്ത്	9495348720	അംഗം	വാർഡ് മെമ്പർ
.9	കെടി സക്കീന		അംഗം	സന്നദ്ധപ്രവർത്തക
10.	പി വി അബ്ദുറഹ്മാൻ മാസ്റ്റർ	9447846120	അംഗം	സന്നദ്ധപ്രവർത്തകൻ
11.	കെ പി അഹമ്മദ്കുട്ടി മാസ്റ്റർ	9495292355	അംഗം	സന്നദ്ധപ്രവർത്തകൻ
12.	കെസി. അബ്ദുറഹ്മാൻ	9946381726	അംഗം	സന്നദ്ധപ്രവർത്തകൻ
13.	മുഹമ്മദ് ലുക്ക് മാൻ (സെക്രട്ടറി)	9961439926	കൺവീനർ	സെക്രട്ടറി

14.	പി എം മധുസൂദനൻ(അസി. സെക്രട്ടറി)	8086062595	അംഗം	അസിസ്റ്റന്റ് സെക്രട്ടറി

1.1.5 ജലസാങ്കേതിക സമിതി

ക്രമ നം	പേരും വിലാസവും	ഫോൺ ഇ മെയിൽ	സ്ഥാനം
.1	കെ.കെ അബ്ദുള്ളക്കുട്ടി	9446886763	ആസൂത്രണസമിതി ഉപാദ്ധ്യക്ഷൻ
.2	സലീന	9495413144	കൺവീനർ, ക്വാളിറ്റി കൺട്രോൾ
.3	സുഹറ നെച്ചൂളി	8593982875	CDS ചെയർപേഴ്സൺ
.4	അശ്വനി ടി	9562156620	AE LID&EW
.5	ഫത്വിൻ മുഹമ്മദ്	9633147502	AE MGNREGA
.6	മധുസൂദനൻ പി എം (അസിസ്റ്റന്റ് സെക്രട്ടറി)	8086062595	അസിസ്റ്റന്റ് സെക്രട്ടറി
.7	ഹാഫിസ് മുഹമ്മദ്	9048272047	വി.ഇ.ഒ
.8	രാജി പി.പി	9745342454	കൃഷി ഓഫീസർ ,
.9	ടി എ അഷറഫ്	994626830	RP,HKM

1.2 ജനപ്രകൃതി

കർഷകരും കർഷകത്തൊഴിലാളികളും ഗവ: ഗുമസ്തരായ മധ്യവർഗ്ഗവും ഗൾഫ് മേഖലകളിൽ ജോലി ചെയ്യുന്നവരും ഇടകലർന്ന് ജീവിക്കുന്ന ജനസമൂഹമാണ് ഇവിടെയുള്ളത്. കർഷകനും കർഷക തൊഴിലാളികളുമാണ് ഭൂരിപക്ഷം. കാർഷിക രംഗത്ത് തൊഴിലാളികളെ കിട്ടാത്ത അവസ്ഥ നിലനിൽക്കുന്നതോടൊപ്പം പുതിയ തൊഴിൽസംസ്ക്കാരവും രൂപപ്പെട്ടുവരുന്നുണ്ട്. അതിന്റെ ഉത്തമ

ഉദാഹരണമാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് വളരെയേറെ സഹായകമാകാൻ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. നിർമ്മാണ മേഖലയിലേക്കാണ് യുവതൊഴിലാളി സമൂഹം ആകർഷിക്കപ്പെടുന്നത്. ഇതുകാരണം കാർഷിക രംഗം പ്രതിസന്ധി നേരിടുകയാണ്. ഈ പ്രതിസന്ധി നേരിടുന്നതിന് യന്ത്രവൽക്കരണം ഈ മേഖലയിൽ അനിവാര്യമാണ്.

2011ലെ സെൻസസ് പ്രകാരം ജനസംഖ്യ : 37252
പുരുഷൻമാർ : 18752
സ്ത്രീകൾ : 18500

പഞ്ചായത്തിലെ നാല് സെന്റ് കോളനികളിലും ലക്ഷം വീടുകളിലും അന്യ ജില്ലക്കാരായ ആളുകൾ താമസിക്കുന്നുണ്ട്. ദുർബ്ബല വിഭാഗങ്ങളിൽ പെടുന്ന ഇത്തരം ആളുകൾക്ക് യഥാസമയം സർക്കാർ ആനുകൂല്യങ്ങൾ നൽകാൻ കഴിയാറില്ല. താമസം സംബന്ധിച്ച രേഖകൾ പലതും ഇവരുടെ കൈവശം ഉണ്ടാവാറില്ല.

സമുദായ മൈത്രിയും സ്നേഹവും മുറുകെ പിടിക്കുന്ന ഓമശ്ശേരി ജനസമൂഹം എല്ലാ വിപത്തുകളേയും ഒരുമയോടെ നേരിടുന്നവരാണ്. ജനസംഖ്യയിൽ കൂടുതലും സ്ത്രീകളാണ്. സ്ത്രീകളിൽ ഭൂരിപക്ഷം പേരും കുടുംബശ്രീ മെമ്പർമാരാണ്. കുടുംബശ്രീ പ്രവർത്തനം കാരണം സ്ത്രീ ശാക്തീകരണത്തിലൂടെ, സ്ത്രീകളുടെ ഒരു പ്രവർത്തന മുന്നേറ്റം എല്ലാ മേഖലകളിലും ദൃശ്യമാണ്. കൂടാതെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും സ്ത്രീ പങ്കാളിത്തം വളരെ വലുതാണ്.

1.3 ഭൂപ്രകൃതിയും കാലാവസ്ഥയും

മലകളും കുന്നുകളും താഴ്വരകളും കൊണ്ട് സമൃദ്ധമായ ഒരു പ്രദേശമാണ് ഓമശ്ശേരി പഞ്ചായത്ത്. മല, താഴ്വര, വയൽ എന്നീ ക്രമത്തിലാണ് ഭൂപ്രകൃതി. അതിരുകൾ ; വടക്ക് - താമരശ്ശേരി, കോടഞ്ചേരി ഗ്രാമ പഞ്ചായത്ത്. കിഴക്ക് - കോടഞ്ചേരി ഗ്രാമ പഞ്ചായത്ത്, മുക്കം മുനിസിപ്പാലിറ്റി. തെക്ക് - ചാത്തമംഗലം ഗ്രാമ പഞ്ചായത്ത്, മുക്കം മുനിസിപ്പാലിറ്റി പടിഞ്ഞാറ് - താമരശ്ശേരി ഗ്രാമ പഞ്ചായത്ത്, കൊടുവള്ളി മുനിസിപ്പാലിറ്റി.

പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്നതാണ് പൊക്കുന്ന് മല. പുൽക്കുന്ന് മല എന്നും പൊൻകുന്ന മല എന്നും ഇതറിയപ്പെടുന്നു. തലക്കുളത്തൂർ. ഓമശ്ശേരി, നന്മണ്ട പഞ്ചായത്തുകളിലൂടെ വ്യാപിച്ചു കിടക്കുന്ന പൊക്കുന്ന മലയിൽ

സമൃദ്ധമായി ഇരുമ്പയിരും സ്വർണത്തിന്റെ അയിരുമുണ്ടെന്ന് പറയപ്പെടുന്നു. 1906ൽ ബ്രിട്ടീഷ് ഭരണാധികാരികളുടെ റിപ്പോർട്ടിലും ഈ വിവരം കാണാം. പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറൻ ഭാഗത്ത് പൊക്കുന്ന് മലയും കിഴക്കുഭാഗത്ത് മുക്കാലുംപാറ മലയും ഏറ്റവും ഉയരമുള്ള മലകളാണ്. ഇവ കൂടാതെ വരടമല, അടുക്കൻമല, ഓമശ്ശേരി മല. തൽപ്പാടി മല. ഇരുണിയാംകുന്ന്, ചാലങ്കോട്ട് മല തുടങ്ങി ചെറുതും വലുതുമായ അനേകം മലകൾ ഇവിടെയുണ്ട്.

കാലാവസ്ഥ

ജൂൺ മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിൽ തെക്കു പടിഞ്ഞാറൻ മൺസൂൺ മൊത്തത്തിൽ ലഭിക്കുന്ന മഴയുടെ 60% നല്കുന്നു. ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നു. എന്നാൽ ചില കാലങ്ങളിൽ കാലാവസ്ഥ ചതിക്കാറുമുണ്ട്. ഇക്കഴിഞ്ഞ 1996-97 ജൂൺ-ജൂലൈ മാസങ്ങളിൽ തിരമുറിയാതെ പെയ്യുന്ന 'തിരുവാതിര ഞാറ്റുവേല' യിൽ ഒരു തുള്ളി മഴ പെയ്തില്ല എന്ന ദുഃഖസത്യം പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ഏറ്റവും കൂടുതൽ തണുപ്പനുഭവപ്പെടുന്നത് ഡിസംബർ, ജനുവരി മാസങ്ങളിലാണ്, 27 ഡിഗ്രി സെൽഷ്യസിൽ താഴെ. മാർച്ച് വരെയുള്ള കാലഘട്ടത്തിൽ 38 ഡിഗ്രി സെന്റഗ്രേഡിനും ഇടയിൽ താപമുയർന്നിരുന്നു. മഴയുടെ ലഭ്യതയിൽ നേരിയ കുറവനുഭവപ്പെട്ട തൊഴിച്ചാൽ ഒരു നൂറു വർഷത്തിനിടയ്ക്ക് കാലാവസ്ഥയിൽ കാര്യമായ വ്യതിയാനമൊന്നും ഇവിടെ ഉണ്ടായിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും.

1.4 ജലവിഭവം

പുക്കുന്ന് മലയുടെ താഴ്വാരത്തുനിന്നും ഉദ്ഭവിക്കുന്ന നീർച്ചാലുകൾ പഞ്ചായത്തിനെ സമ്പന്നമാക്കുന്നു. ഇതിൽ പ്രധാനപ്പെട്ടതാണ് തീർത്ഥങ്കരയിൽ നിന്ന് ഉത്ഭവിച്ച് രാമല്ലൂരിലൂടെ ഒഴുകി കാക്കൂരിലെത്തുന്ന തോട്. മറ്റൊന്നാണ് നടുവല്ലൂരിലെ വേട്ടുവോട്ടുപാറയിൽ നിന്ന് ഉത്ഭവിച്ച് നടുവല്ലൂരിലൂടെ ഒഴുകി കാക്കൂരിലെത്തുന്ന നടുവല്ലൂർ തോട്. ഈ രണ്ടു തോടുകളും മീനച്ചൂടിൽ പോലും വറ്റാറില്ല. കുട്ടമ്പൂരിൽ നിന്ന് ഉത്ഭവിച്ച് ചെറിയ തോട് നന്മണ്ടയിൽ നിന്നും വരുന്ന തോടുമായി സന്ധിച്ചശേഷം പുന്നശ്ശേരിയിൽ നിന്നുവരുന്ന തോടുമായി ചേർന്ന് രാമല്ലൂരിലൂടെ ഒഴുകുന്നു. ഈ തോട് വേനൽക്കാലത്ത് വറ്റാറുണ്ട്. ഒരു കാലത്ത് കുളങ്ങൾ ജലസംഭരണികളായിരുന്നു. ഒട്ടനവധി കുളങ്ങൾ നാടിന്റെ നാനാഭാഗത്തും

ഉണ്ടായിരുന്നു. ഇവയിൽ നല്ലൊരു ഭാഗം ഇടിഞ്ഞുനികന്ന് നാശമായി കിടക്കുന്നു. ജലത്തിനുവേണ്ടി ജനങ്ങൾ മുഖ്യമായി ആശ്രയിക്കുന്നത് കിണറുകളെയാണ്. സ്വന്തമായി കിണറില്ലാത്ത വീടുകൾ വളരെ ചുരുക്കം. മൂന്നിൽ ഒരു ഭാഗം കിണറുകളും ഏപ്രിൽ മാസത്തോടെ വറ്റിപ്പോകും.

1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 19358 ആണ്. സ്ത്രീകളുടെ എണ്ണം കൂടുതലാണ്. (9891) ഓമശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിലെ ആരോഗ്യപ്രവർത്തകർ 1991ന് ശേഷം ശേഖരിച്ച കണക്കുകൾ പ്രകാരം ഇന്നത്തെ ജനസംഖ്യ 20,561 ആണ്.

1.5 മൺതരങ്ങൾ

മൊത്തം വിസ്തൃതിയുടെ ഏതാണ്ട് പകുതിയോളം ഭാഗം ഉയർന്ന പ്രദേശങ്ങളാണ്. വെട്ടുകൽ മണ്ണാണ് ഇവിടെ മുഖ്യമായും കാണുന്നത്. ഫലഭൂയിഷ്ഠി വളരെ കുറഞ്ഞ മണ്ണാണിത്. ഉയർന്ന പ്രദേശങ്ങളിൽ ജലക്ഷാമം ഉണ്ടാകാറുണ്ട്. അതേ സമയം കനത്ത വേനലിലും വറ്റാത്ത സ്വാഭാവിക നീരുറവകളും ചില മലമ്പ്രദേശങ്ങളിൽ ഉണ്ട്. മുമ്പുണ്ടായിരുന്ന പാടശേഖരങ്ങളിൽ പലതും ഇന്ന് നികത്തിയെടുത്ത് നാണ്യവിളകളുടെ കൃഷിക്കും കെട്ടിടനിർമ്മാണത്തിനുമായി ഉപയോഗിച്ചതായി കാണാം.

1.6 ഭൂവിനിയോഗം

ജന്മി-കുടിയാൻ സമ്പ്രദായങ്ങളിലധിഷ്ഠിതമായ കാർഷിക-സാമൂഹ്യ ബന്ധങ്ങളായിരുന്നു ഇവിടെ നിലനിന്നിരുന്നത്. ഭൂപരിഷ്ക്കരണം വരുത്തിയ മാറ്റത്തോടെ, കാർഷിക മേഖലയിൽ പഴയ കാലത്തെ അപേക്ഷിച്ച് മുന്നേറ്റം ഉണ്ടായെങ്കിലും ആധുനിക രീതിയിലുള്ള കൃഷി സമ്പ്രദായം സാർവ്വത്രികമാകാതിരുന്നതുമൂലം ഉൽപാദന മേഖലയിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇടവിളകൾ കൃഷിയിടങ്ങളിൽ നിന്നും ഇന്ന് പാടെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. വയലുകളിൽ വാഴകൃഷി വ്യാപകമായതും, ധാരാളം വയലുകൾ കവുങ്ങിൽ തോട്ടങ്ങളായി മാറ്റിയതും ആഭ്യന്തര നെല്ലുല്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്, നെല്ല്, തെങ്ങ്, കവുങ്ങ്, നേന്ത്രവാഴ, കുരുമുളക്, റബ്ബർ എന്നിവയാണ് പ്രധാന കൃഷിയിനങ്ങൾ. ചരിഞ്ഞ സമതലത്ത് തെങ്ങും, ഉയർന്ന പ്രദേശങ്ങളിൽ കശുമാവ്, റബ്ബർ എന്നിവയും കൃഷി ചെയ്യുന്നു.

1.7 പൊതു ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ

ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടം: ബസ് സ്റ്റാൻഡിൽ വാർഡ് 7 ൽ
മൃഗാശുപത്രി : ഓമശ്ശേരി 07-ാം വാർഡിൽ
കെ.എസ്.ഇ.ബി : ഓമശ്ശേരി
ക്ഷീരോൽപാദന സഹകരണ സംഘങ്ങൾ : ഓമശ്ശേരി, കൂടത്തായ്
കുടുംബാരോഗ്യ കേന്ദ്രം : ഓമശ്ശേരി (ഓമശ്ശേരി-താമരശ്ശേരി റോഡിൽ)
കുടുംബാരോഗ്യ ഉപ കേന്ദ്രങ്ങൾ :മങ്ങാട്, വേനപ്പാറ, വെണ്ണക്കോട്
ആയൂർവ്വേദ ഡിസ്പൻസറി : കൂടത്തായ്
വിദ്യാലയങ്ങൾ : എൽ. പി സ്കൂൾ-5, യു പി സ്കൂൾ-2 , എച്ച് എസ്-2, എച്ച് എസ് എസ്-2, അംഗൻവാടികൾ-32
സാംസ്കാരിക നിലയങ്ങൾ, വായനശാലകൾ : ഓമശ്ശേരി, കൂടത്തായ്, മങ്ങാട്, വേനപ്പാറ, കെടയത്തൂർ, പെരിവില്ലി, നാഗാളികാവ്, ജാറംകണ്ടി, ചാമോറ
ബാങ്കുകൾ : കേരളഗ്രാമീൺബാങ്ക് ,സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക്, കേരള ബാങ്ക്, ഓമശ്ശേരി സർവ്വീസ് സഹകരണബാങ്ക്, വനിതസഹകരണ ബാങ്ക്, മർക്കന്റൈൽ കോപ്പറേറ്റീവ് സൊസൈറ്റി
വില്ലേജ് ഓഫീസ് : പുത്തൂർ
ബസ് വെയിറ്റിംഗ് ഷെഡുകൾ : 31

1.8 പഞ്ചായത്തിലെ ജലസ്രോതസ്സുകളെ സംബന്ധിച്ച വിവരങ്ങൾ

പൊതു കുളങ്ങൾ- 4
സ്വകാര്യ കുളങ്ങൾ- 48
പൊതു കിണറുകൾ- 27


1.9 പഞ്ചായത്തിലെ നിലവിലുള്ള കുടിവെള്ള പദ്ധതികൾ

ക്രമ നമ്പർ	കുടിവെള്ള പദ്ധതിയുടെ പേര്	വാർഡ് നമ്പർ	നിലവിലെ അവസ്ഥ	പൂർത്തീകരിച്ച ഏജൻസി
1	വയലോരം - കാക്കോഞ്ഞി കുടിവെള്ള പദ്ധതി	1	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
2	ചക്കിട്ടക്കുന്ന് കുടിവെള്ള പദ്ധതി	1	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
3	അമ്പലക്കുന്ന് കുടിവെള്ള പദ്ധതി	2	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
4	ശ്രീഗംഗ അമ്പാട്ടുതുരുത്തി കുടിവെള്ളപദ്ധതി	2	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
5	പനച്ചിക്കുന്ന് കുടിവെള്ള പദ്ധതി	3	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
6	കായലുംപാറ എസ് സി കുടിവെള്ള പദ്ധതി	3	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
7	കായലുംപാറ മിനി ജലജീവൻ പദ്ധതി	3	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
8	ചുണ്ടക്കുന്ന് മിനി ജലജീവൻ പദ്ധതി	3	ഇപ്പോൾ പ്രവർത്തിക്കുന്നില്ല	ഗ്രാമ പഞ്ചായത്ത്
9	അലകൾ ചെങ്ങോട്ടുമല ജലനിധി പദ്ധതി	4	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
10	അതിർക്കാട്ടിൽ കുടിവെള്ള പദ്ധതി	4	ഇപ്പോൾ പ്രവർത്തിക്കുന്നില്ല	ഗ്രാമ പഞ്ചായത്ത്
11	ഉമ്മാത്തപറമ്പിൽ കുടിവെള്ള പദ്ധതി	4	ഇപ്പോൾ പ്രവർത്തിക്കുന്നില്ല	ഗ്രാമ പഞ്ചായത്ത്
12	എറണ്ടോറക്കുന്ന് എസ് സി കുടിവെള്ള പദ്ധതി	5	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
13	കണ്ണംങ്കോട് കുടിവെള്ള പദ്ധതി	5	പ്രവർത്തി പുരോഗമിക്കുന്നു	ഗ്രാമപഞ്ചായത്ത്
14	കെട്ടുങ്ങൽ കുടിവെള്ള പദ്ധതി	5	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്

15	കാട്ടുമുണ്ട കുടിവെള്ള പദ്ധതി	**5**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
16	ചാമോറ കുടിവെള്ള പദ്ധതി	**5**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
17	എറണ്ടോറക്കുന്ന് കുടിവെള്ള പദ്ധതി	**5**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
18	ഉറവ് മാമ്പിടിച്ചാലിൽ കുടിവെള്ള പദ്ധതി	**6**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
19	സബീൽ ഉരുളൻക്കുന്ന് കുടിവെള്ള പദ്ധതി	**6**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
20	നീർപ്രിയ വടക്കേക്കര കുടിവെള്ള പദ്ധതി	**6**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
21	ഹിമം ചീനത്തുംകുഴി കുടിവെള്ള പദ്ധതി	**6**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
22	മാമ്പിടിച്ചാലിൽ കുടിവെള്ള പദ്ധതി	**6**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
23	സാഗർ അമ്പലക്കുന്ന് കുടിവെള്ള പദ്ധതി	**7**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
24	നങ്ങാച്ചിക്കുന്ന് കുടിവെള്ള പദ്ധതി	**7**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
25	ചേലാനിക്കുന്ന് കുടിവെള്ള പദ്ധതി	**7**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
26	കനിങ്ങംപുറം കുടിവെള്ള പദ്ധതി	**8**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
27	എടവനപ്പൊയിൽ കുടിവെള്ള പദ്ധതി	**9**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
28	പിലാത്തോട്ടം കോളനി കുടിവെള്ള പദ്ധതി	**9**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
29	തടത്തുമ്മൽ ജലനിധി പദ്ധതി	**9**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
30	കാടാംകുനി കുടിവെള്ള പദ്ധതി	**9**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
31	തടായിൽ അമ്പലക്കുന്ന് തണ്ണീർ കുടിവെള്ള പദ്ധതി	**9**	പ്രവർത്തിക്കുന്നു	ഗ്രാമ പഞ്ചായത്ത്
32	പടശ്ശേരിക്കുന്ന് കുടിവെള്ള പദ്ധതി	**10**	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്

33	എച്ചിക്കുന്ന് മുണ്ടിയംപാറ എസ് സി കുടിവെള്ള പദ്ധതി	10	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
34	തടായിൽ കുടിവെള്ള പദ്ധതി	10	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
35	അമ്പലക്കുന്ന് എസ് സി കുടിവെള്ള പദ്ധതി	10	ഇപ്പോൾ പ്രവർത്തിക്കുന്നില്ല	ഗ്രമപഞ്ചായത്ത്
36	പാലക്കാംതൊടിക കുടിവെള്ള പദ്ധതി	11	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
37	ചേലാംകുന്ന് കുടിവെള്ള പദ്ധതി	11	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
38	കുടിനീർ കുടിവെള്ള പദ്ധതി	11	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
39	കണിയാർക്കണ്ടം - പുല്ലങ്കോട് കുടിവെള്ള പദ്ധതി	12	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
40	കെടയത്തൂർ ഒതയമംഗലം കുടിവെള്ള പദ്ധതി	12	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
41	കുനിപ്പാലിൽ പടാളിക്കുന്ന് കുടിവെള്ള പദ്ധതി	12	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
42	ജലധാര കാവുങ്ങൽ കുടിവെള്ള പദ്ധതി	13	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
43	പാലക്കുന്ന് കുടിവെള്ള പദ്ധതി	13	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
44	ചെന്നിമ്മൽ കുടിവെള്ള പദ്ധതി	13	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
45	ഇടിവെട്ടിമല കുടിവെള്ള പദ്ധതി	13	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
46	ഐശ്വര്യ കുടിവെള്ള പദ്ധതി	14	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
47	സൌഹൃദ കുടിവെള്ള പദ്ധതി	14	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
48	കുന്നുമ്മൽ കുടിവെള്ള പദ്ധതി	15	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
49	കച്ചേരിക്കുന്ന് കുടിവെള്ള പദ്ധതി	15	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്

50	ഓട്ടക്കാഞ്ഞിരം കുടിവെള്ള പദ്ധതി	**16**		ഗ്രാമപഞ്ചായത്ത്
51	വാരിക്കോട്ടുചാലിൽ കുടിവെള്ള പദ്ധതി	**16**	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
52	കൊയിലാട്ട് കുടിവെള്ള പദ്ധതി	**16**	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
53	കണ്ണങ്കോട്ടുമ്മൽ കുടിവെള്ള പദ്ധതി	**17**	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
54	അരീക്കൽ കുടിവെള്ള പദ്ധതി	**17**	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
55	ചേന്ദംകുളങ്ങര കുടിവെള്ള പദ്ധതി	**17**	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
56	മങ്ങാട്ടുപുറായിൽ കുടിവെള്ള പദ്ധതി	**17**	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
57	വലിയപുരക്കൽ കുടിവെള്ള പദ്ധതി	**17**		ഗ്രാമപഞ്ചായത്ത്
58	പുഴിച്ചുരം എസ് സി കുടിവെള്ള പദ്ധതി	**18**	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
59	ഏലിയമ്പ്രമല കുടിവെള്ള പദ്ധതി	**18**	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
60	കുളിർമ കുടിവെള്ള പദ്ധതി	**18**	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
61	കെട്ടുങ്ങൽ മാവുള്ളക്കണ്ടം കുടിവെള്ള പദ്ധതി	**19**	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്
62	പനമ്പങ്കൊടി കുടിവെള്ള പദ്ധതി	**19**	പ്രവർത്തിക്കുന്നു	ഗ്രാമപഞ്ചായത്ത്



1.10. നീർത്തടങ്ങൾ

1 കാഞ്ഞിരമൂഴിതോട്
2 കൂടത്തായ് - 1
3 കൂടത്തായി - 2
4 മണ്ണിലിടം കടവ് - കുറുങ്ങോട്ടുകടവ്
5 മുത്തോലത്ത് കടവ്
6 നെടുംകുണ്ട് ഓടറാപ്പ്
7 പൊട്ടുകുഴി
8 പുത്തൂർ
9 തോട്ടത്തിൽ കടവ്
10 വേളങ്കോടുതോട് - 1
11 വെളിമണ്ണ -

1.11 ജലസംരക്ഷണ മേഖലയിൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ







'ഹരിതം സുന്ദരം ഓമശ്ശേരി' ഇരുതുള്ളി പുഴ ശുചീകരണം ബഹു ജില്ലാ കളക്ടർ നരസിംഹുഗരി. ടിഎൽ.റെഡ്ഡി ഫ്ലാഗ് ഓഫ് കർമ്മം നിർവ്വഹിക്കുന്നു.

ഓമശ്ശേരി ഗ്രാമപഞ്ചായത്ത്



ജലാശയ ശുചീകരണ യജ്ഞത്തിൽ പങ്കാളികളായവരുടെ പ്രതിജ്ഞ



ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.പി അബ്ദുൽ നാസർ അദ്ധ്യക്ഷത വഹിക്കുന്നു



ശുചീകരണ യജ്ഞത്തിൽ സ്കൂൾ വിദ്യാർത്ഥികളുടെ സാന്നിദ്ധ്യം



ശുചീകരണ യജ്ഞത്തിൽ ഹരിതകർമ്മസേന സാന്നിദ്ധ്യം



ശുചീകരണ പ്രവർത്തകർക്ക് നിർദ്ദേശങ്ങൾ നൽകുന്നു.



ഉദ്ഘാടന പരിപാടിയിൽ പങ്കെടുത്തവർ

ഓമശ്ശേരി ഗ്രാമപഞ്ചായത്ത്



ശുചീകരണ യജ്ഞത്തിൽ യുവ സാന്നിദ്ധ്യം





ഓമശ്ശേരി ഗ്രാമപഞ്ചായത്ത്- നീർത്തട നടത്തം പരിപാടി



മേരി മാട്ടി മേരാ ദേശ് ' തെ നടൽ പരിപാടി







2.രീതിശാസ്ത്രം

വിശദമായ വിവരശേഖരണമാണ് ജലബജറ്റ് തയ്യാറാക്കുന്നതിലെ നിർണ്ണായകമായ പ്രവർത്തനം. നേരിട്ട് ശേഖരിച്ച പ്രാഥമിക വിവരങ്ങളോടൊപ്പം വിവിധ വകുപ്പുകൾ/ ഏജൻസികൾ ലഭ്യമാക്കിയ വിവരങ്ങളും ജലബജറ്റ് തയ്യാറാക്കുന്നതിന് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനു പുറമേ കൃഷി വകുപ്പ്, ജലസേചന വകുപ്പ്, ഭൂജല വകുപ്പ്, മണ്ണ് പര്യവേക്ഷണ - മണ്ണ് സംരക്ഷണ വകുപ്പ്, വിനോദ സഞ്ചാര വകുപ്പ്, വ്യവസായ വകുപ്പ്, ജല അതോറിറ്റി തുടങ്ങിയവ പ്രധാനപ്പെട്ട രേഖകൾ കൈമാറിയും കൂട്ടായ സാങ്കേതിക പരിശോധനകൾ നടത്തിയും ആവശ്യമായ തിരുത്തലുകളും വരുത്തിയും ഈ പ്രക്രിയയിൽ പങ്കാളികളായി.

2.1 സാങ്കേതിക സമിതി

ഹരിതകേരളം മിഷന്റെ ഭാഗമായി രൂപീകൃതമായ ഗ്രാമപഞ്ചായത്തുതല സാങ്കേതിക സമിതിയോടൊപ്പം സന്നദ്ധ പ്രവർത്തകരും ജലബജറ്റ് തയ്യാറാക്കുന്നതിന് ഗണ്യമായ സംഭാവന നൽകി.
നിലവിലുള്ള ഗ്രാമപഞ്ചായത്ത് സാങ്കേതിക സമിതിയുടെ ഘടന:-

1. വൈസ് ചെയർപേഴ്സൺ - പ്ലാനിംഗ് കമ്മിറ്റി
2. സി.ഡി.എസ്. അധ്യക്ഷ
3. ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറി
4. കൃഷി ഓഫീസർ, ഗ്രാമപഞ്ചായത്ത്
5. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
6. അസി. എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത്
7. അസി. എഞ്ചിനീയർ/ഓവർസിയർ, തൊഴിലുറപ്പ്
8. നീർത്തട വികസന പരിപാടികളിൽ പരിചയമുള്ള സന്നദ്ധ സംഘടനയിൽ നിന്നുള്ള ഒരംഗം
9. ജലസംരക്ഷണ മേഖലയിൽ വൈദഗ്ധ്യമുള്ള മൂന്നു പ്രമുഖർ
10. ജലസേചന വകുപ്പിൽ നിന്ന് നിയോഗിച്ചിട്ടുള്ള അസി. എഞ്ചിനീയർ (കൺവീനർ)
11. ചുമതലയുള്ള ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ

ബ്ലോക്ക് പഞ്ചായത്ത്തല സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ ബ്ലോക്ക് തലത്തിൽ മുഴുവൻ പഞ്ചായത്തുകളിലെയും പ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ട് ബ്ലോക്ക് തല കൺവെൻഷൻ നടത്തി.



ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ ജലസാങ്കേതിക സമിതി ചേരുന്നു

2.1.1 യോഗങ്ങൾ

സാങ്കേതിക സമിതി യോഗം ചേർന്ന് പ്രദേശത്തിന്റെ പ്രത്യേകതകൾ അവലോകനം ചെയ്തു. നേരത്തേ തയ്യാറാക്കിയിട്ടുള്ള നീർത്തട പ്ലാൻ വിവര ശേഖരണത്തിന്റെ പ്രാഥമിക ഘട്ടത്തിൽ ഉപയോഗപ്പെടുത്താൻ സാധിച്ചു. ഓരോ നീർത്തടത്തെ സംബന്ധിച്ചും വ്യക്തമായ ധാരണ ഇതിൽ നിന്ന് ലഭ്യമായി. നീർത്തടത്തിനകത്തെ വിവിധ വിഭവങ്ങളുടെ അവസ്ഥ, പ്രശ്നങ്ങൾ എന്നിവയും വിശകലനം ചെയ്തു. വിവിധ വിഭവ ഭൂപടങ്ങൾ പ്രദേശത്തിന്റെ പ്രത്യേകതകൾ ശാസ്ത്രീയമായി കണ്ടെത്തുന്നതിനു സഹായിച്ചിട്ടുണ്ട്. ജലബജറ്റ് തയ്യാറാക്കൽ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് തന്നെ ബന്ധപ്പെട്ട സാങ്കേതിക സമിതി അംഗങ്ങൾക്ക് CWRDMന്റെ സഹായത്തോടെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനം ലഭ്യമാക്കിയിരുന്നു. കൂടാതെ ജല ബജറ്റ് തയ്യാറാക്കുന്ന മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും അദ്ധ്യക്ഷൻമാരുടെ ഒരു ശിൽപശാല സംഘടിപ്പിച്ച് ജല ബജറ്റ് തയ്യാറാക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു.



ഓമശ്ശേരി ഗ്രാമ പഞ്ചായത്ത് തല ശില്പശാല

2.2 വിവര വിശകലനവും ഉപയോഗപ്പെടുത്തലും

ശേഖരിക്കപ്പെടുന്ന വിവരങ്ങളുടെ നിലവാരം ഉറപ്പാക്കി ഇതുപയോഗിച്ച് ജല ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള കൂടുതൽ വിശകലനങ്ങളിലേക്കു പോകുന്ന രീതിയാണ് അവലംബിച്ചത്. ലഭിക്കുന്ന വിവരങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്തുകയും മറ്റു സമാന വിവരങ്ങളുമായി താരതമ്യം ചെയ്തു കൃത്യത നിർണ്ണയിക്കുകയും ചെയ്യുന്നത് തയ്യാറാക്കുന്ന ജലബജറ്റ് കൃത്യതയുള്ളതാകുന്നതിന് സഹായിച്ചിട്ടുണ്ട്. സാങ്കേതിക മേഖലയിലെ വിദഗ്ധർ ഈ വിഷയത്തിൽ നിർണ്ണായക ഇടപെടൽ നടത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ ജലസ്രോതസ്സുകൾ കണ്ടെത്തി അവയുടെ വിവരം ശേഖരിക്കുന്നതിന് പ്രാദേശിക പിന്തുണ ധാരാളമായി ലഭ്യമായി.

2.3 ജല തുല്യതാ (water balance) പഠനം

ജല തുല്യതാ പഠനം കൂടുതൽ എളുപ്പവും കൃത്യതയുള്ളതുമാക്കുവാൻ വിവരങ്ങൾ ഒരു 'എക്സൽ ഷീറ്റിൽ' രേഖപ്പെടുത്തി കണക്കുകൂട്ടൽ നടത്തുന്ന രീതിയാണ് അവലംബിച്ചത്. ഇതിനാവശ്യമുള്ള സമവാക്യങ്ങൾ എക്സൽ ഷീറ്റിൽ തയ്യാറാക്കുന്നതുമൂലം തെറ്റ് സംഭവിക്കാനുള്ള സാധ്യത കുറഞ്ഞു. ഒപ്പം കണക്കുകൂട്ടലുകളിലെ സങ്കീർണ്ണതകൾ ഒഴിവാകുകയും ചെയ്തു. ഇത്തരത്തിൽ ലഭ്യമാകുന്ന വിവരങ്ങൾ സാങ്കേതിക വിദഗ്ധർ വീണ്ടും പരിശോധിച്ച് കൃത്യത ഉറപ്പാക്കിയിട്ടുമുണ്ട്.

2.4 ജല ലഭ്യത

2.4.1 മഴ ലഭ്യത

മഴ ലഭ്യതയാണ് പ്രധാന ജലസ്രോതസ്സ്. ഒരു വർഷത്തെ ആകെ മഴ ലഭ്യതയോ ഒരു മഴക്കാലത്തെ ലഭ്യതയോ കണക്കാക്കുന്നതിനു പകരം ഓരോ ദിവസത്തെയും മഴ ലഭ്യതയാണ് ജലതുല്യതാ പഠനത്തിനായി ഉപയോഗിച്ചിട്ടുള്ളത്. ജലസേചന വകുപ്പിന്റെ ഹൈഡ്രോളജി വിഭാഗത്തിൽ നിന്നും ലഭ്യമായവിവരങ്ങളാണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത്. തുടർച്ചയായ 10 വർഷങ്ങളിലെ വിവരങ്ങളാണ് മഴ ലഭ്യത കണക്കാക്കുന്നതിനായി ഉപയോഗിച്ചിട്ടുള്ളത്. 'അരിത്ത്മെറ്റിക് മീൻ' രീതി ഉപയോഗിച്ചാണ് മഴ ലഭ്യത കണക്കാക്കുന്നത്.

$$A = \frac{1}{n} * \sum_{i=1}^{n} x_i$$

A = ശരാശരി വർഷപാതം
n = സംജ്ഞകളുടെ എണ്ണം (ഉദാ. ശരാശരി കണ്ടെത്തുന്ന ഇനങ്ങൾ അഥവാ എണ്ണങ്ങൾ)
x_i = ശരാശരി കണ്ടെത്താൻ ഉപയോഗിക്കുന്ന സംഖ്യകളിലെ ഓരോ ഇനത്തിന്റെയും വില
ദിവസേനയുള്ള മഴയുടെ വിവരം ശേഖരിച്ച് ഓരോ മാസത്തെയും 10 ദിവസങ്ങളിൽ ലഭ്യമാകുന്ന ആകെ മഴ കണക്കാക്കിയശേഷം ഓരോ വർഷത്തെയും ഓരോ മാസങ്ങളിലേയും ഓരോ 10 ദിവസങ്ങളിലും ലഭ്യമാകുന്ന ആകെ മഴയും അതിൽ നിന്നും 10 വർഷങ്ങളിലായി ഈ

10 ദിവസങ്ങളിൽ ലഭ്യമായ ശരാശരി മഴയും ആണ് കണക്കാക്കിയിട്ടുള്ളത്. (വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

2.4.2 ഉപരിതല ജല ലഭ്യത

താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ് 10 ദിവസത്തെ ഉപരിതല ജല ലഭ്യത കണക്കാക്കിയിട്ടുള്ളത്.
ആകെ ജല ലഭ്യത Q = C x A x R

A = ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി
R = 10 ദിവസത്തെ ആകെ വർഷപാതം - മീറ്ററിൽ (10 വർഷത്തെ ശരാശരി)
C = പ്രവാഹ സ്ഥിരാങ്കം (Runoff Coefficient)
ഭൂവിനിയോഗത്തെ അടിസ്ഥാനപ്പെടുത്തിയുള്ള C യുടെ വില പട്ടിക-1 ൽ നൽകിയിരിക്കുന്നു (അതിൽ നിന്നും ആകെ പ്രവാഹ സ്ഥിരാങ്കം താഴെപ്പറയുന്ന രീതിയിൽ ആണ് കണ്ടെത്തുന്നത്.)

പട്ടിക - 1
പ്രവാഹ സ്ഥിരാങ്കം (Runoff coefficient C)

സസ്യങ്ങളുടെ തരം (Type of vegetation)	പ്രവാഹ സ്ഥിരാങ്കം (Runoff coefficient C)
വൃക്ഷങ്ങളും വനങ്ങളും (Woodland and forests)	0.30 - 0.50
പുൽമേടുകൾ (Grassland)	0.30 - 0.42
കൃഷി ഭൂമി (Agricultural Land)	0.50 - 0.72
നഗര സ്വഭാവമുള്ള ഭൂപ്രദേശം (Urban Land)	0.60 - 0.80

ആകെ പ്രവാഹ സ്ഥിരാങ്കം

$$C = \frac{(C_F \times A_F) + (C_A \times A_A) + (C_B \times A_B) + \cdots + (C_I \times A_I)}{A}$$

A = ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി
C_F = വനത്തിന്റെ പ്രവാഹ സ്ഥിരാങ്കം

A_F = വനത്തിന്റെ ആകെ വിസ്തൃതി
C_A = കാർഷിക ഭൂമിയുടെ പ്രവാഹ സ്ഥിരാങ്കം
A_A= കാർഷിക ഭൂമിയുടെ ആകെ വിസ്തൃതി
C_B = പാർപ്പിടാവശ്യനുപയോഗിക്കുന്ന ഭൂമിയുടെ പ്രവാഹ സ്ഥിരാങ്കം
A_B= പാർപ്പിടാവശ്യനുപയോഗിക്കുന്ന ഭൂമിയുടെ ആകെ വിസ്തൃതി
C_I= വാണിജ്യാവശ്യങ്ങൾ ഉൾപ്പെടെ മറ്റാവശ്യങ്ങൾക്കെല്ലാമുള്ള ഭൂമിയുടെ പ്രവാഹ സ്ഥിരാങ്കം
A_I= വാണിജ്യാവശ്യങ്ങൾ ഉൾപ്പെടെ മറ്റാവശ്യങ്ങൾക്കെല്ലാമുള്ള ഭൂമിയുടെ ആകെ വിസ്തൃതി

(മുകളിലെ പട്ടികയിൽ ഓരോ തരം ഭൂമിയുടേയും നേരെ കൊടുത്തിട്ടുള്ള സ്ഥിരാങ്കത്തിന്റെ ശരാശരി സംഖ്യയാണ് എടുത്തിട്ടുള്ളത്, ഇതിൽ പാർപ്പിട, വാണിജ്യ ആവശ്യങ്ങൾക്കുള്ള നീരൊഴുക്ക് സ്ഥിരാങ്കം നഗര സ്വഭാവമുള്ള ഭൂപ്രദേശത്തിന്റേതുമാണ് എടുത്തിട്ടുള്ളത്.)

വനപ്രദേശത്തെ സസ്യ - ജീവജാലങ്ങൾ, ജലസേചനം ചെയ്യാത്ത കൃഷിവിളകളും മറ്റു സസ്യങ്ങളും പാരിസ്ഥിതിക ആവശ്യങ്ങൾ എന്നിവയുടെ ജല ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആകെ ജല ലഭ്യതയുടെ 50 % മാറ്റിവച്ചിരിക്കുന്നു.
അതിനാൽ ആദ്യത്തെ 10 ദിവസം ലഭ്യമായ ഉപരിതല ജലം = ആകെ ജല ലഭ്യത /2 എന്ന രീതിയിലാണ് കണക്കാക്കിയിട്ടുള്ളത്

2.4.3 ഭൂജല ജല ലഭ്യത കണക്കാക്കൽ

താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ് 10 ദിവസത്തെ ഭൂജല ജല ലഭ്യത കണക്കാക്കിയിട്ടുള്ളത്.

ആകെ ഭൂജല ജല റീചാർജ്ജിംഗ് = 0.06 X A X R
A = ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി
R = 10 ദിവസത്തെ ആകെ വർഷപാതം - മീറ്ററിൽ (10 വർഷത്തെ ശരാശരി)
ആകെ ഭൂജല ജല റീചാർജ്ജിംഗിന്റെ 90 % നമുക്ക് ഉപയോഗിക്കാനാകും അതിനാൽ ആദ്യത്തെ 10 ദിവസം ലഭ്യമായ ഭൂജലം = ആകെ ഭൂജല ജല റീചാർജ്ജിംഗ് X 0.9

2.4.4 ഗ്രാമപഞ്ചായത്തിന് അകത്തേയ്ക്കും പുറത്തേയക്കുമുള്ള ജല വിതരണം

ഗ്രാമപഞ്ചായത്തിനകത്തേയ്ക്ക് ഗ്രാമപഞ്ചായത്തിനു പുറത്തുള്ള ജലസേചന പദ്ധതികളിൽ നിന്നോ കുടിവെള്ളപദ്ധതികളിൽ നിന്നോ ജലം ലഭ്യമാകുന്നുണ്ടോയെന്ന വിവരവും ഇവിടെനിന്നും പുറത്തേയ്ക്ക് ഏതെങ്കിലും ജലസേചന പദ്ധതിയുടെയോ കുടിവെള്ള പദ്ധതിയുടേയോ ഭാഗമായി വെള്ളം ലഭ്യമാക്കുന്നുണ്ടോയെന്ന വിവരവും കൂടി ജല ലഭ്യത കണക്കാക്കുന്നതിനായി പരിഗണിച്ചിട്ടുണ്ട്. (വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

2.4.5 ആദ്യത്തെ 10 ദിവസം ലഭ്യമായ ആകെ ജലം

താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ് 10 ദിവസത്തെ ആകെ ജല ലഭ്യത കണക്കാക്കിയിട്ടുള്ളത്.
ആദ്യത്തെ 10 ദിവസം ലഭ്യമായ ആകെ ജലം = USR+UGW +(Import-Export)

USR = ആദ്യത്തെ 10 ദിവസം ലഭ്യമായ ഉപരിതല ജലം
UGW = ആദ്യത്തെ 10 ദിവസം ലഭ്യമായ ഭൂജലം
Import = വിവിധ പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിനകത്തേയ്ക്ക് ലഭ്യമായ ജലം
Export = വിവിധ പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നിന്നും പുറത്തയ്ക്ക ലഭ്യമാക്കിയ ജലം
ഇത്തരത്തിൽ ഓരോ 10 ദിവസത്തേയും ജല ലഭ്യത കണക്കായിട്ടുണ്ട്.

2.5 ജല ആവശ്യം

2.5.1 ഗാർഹിക ആവശ്യം

ഗാർഹിക ആവശ്യങ്ങൾക്കുള്ള ജലത്തിന്റെ കണക്കിൽ ഒരാൾക്ക് ഒരു ദിവസത്തേക്ക് 135 ലിറ്റർ ജലം (IS Code IS:1172:1993) എന്ന രീതിയിലാണ് കണക്കാക്കിയിട്ടുള്ളത്. (വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2.5.2 കാർഷിക ജല ആവശ്യകത

ഇതിനാവശ്യമായ വിവരങ്ങൾ കൃഷിഭവനിൽ നിന്നുമാണ് ശേഖരിച്ചിട്ടുള്ളത്. നിലവിൽ ജലസേചന സൗകര്യമുള്ള പ്രദേശങ്ങളുടെ വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്. ചില വിളകൾക്കൊഴിച്ച് ബാക്കിയുള്ളതിനെല്ലാം അകെ വിള വിസ്തൃതിയുടെ പരമാവധി 20 ശതമാനത്തിൽ അധികരിക്കാത്ത രീതിയിലാണ് ജലസേചന ആവശ്യം കണക്കാക്കിയിട്ടുള്ളത്.

താഴെ പറയുന്ന രീതിയിലാണ് ജലസേചന ആവശ്യം കണക്കാക്കിയിട്ടുള്ളത്.

$$\text{ജലസേചന ആവശ്യം} = \frac{C_A \times ET_c}{\text{Efficiency } (\mu)}$$

C_A = കാർഷിക ഭൂമിയുടെ ആകെ വിസ്തൃതി
ET_c= Crop Evapotranspiration
μ = കാര്യക്ഷമത
(μ = ഉപരിതലം 50%, സ്പ്രിങ്ക്ളർ 60%, ഡ്രിപ് 70%)
$ET_c = ET_0 \times K_c$
ET_0 = Evapotranspiration
K_c = വിളസ്ഥിരാങ്കം (Crop coefficient)

Reference crop Evapotranspiration (ET_0) for different agro-ecological units (mm/decade)

മാസം	ദശദിനം	ET_0
ജൂൺ	1	38
	2	35
	3	35
ജൂലൈ	1	35
	2	35
	3	35
ആഗസ്റ്റ്	1	35
	2	36
	3	37

സെപ്തംബർ	1	37
	2	38
	3	40
ഒക്ടോബർ	1	39
	2	38
	3	38
നവംബർ	1	38
	2	37
	3	37
ഡിസംബർ	1	36
	2	36
	3	38
ജനുവരി	1	38
	2	40
	3	41
ഫെബ്രുവരി	1	45
	2	49
	3	52
മാർച്ച്	1	53
	2	52
	3	48
ഏപ്രിൽ	1	49
	2	47
	3	46
മെയ്	1	44
	2	43
	3	40

വിവിധ വിളകളുടെ വിളസ്ഥിരാങ്കം (Crop coefficient - Kc)

വാർഷിക/സീസണൽ വിളകളുടെ വിളസ്ഥിരാങ്കം (Crop coefficient - Kc)

ക്രമ നമ്പർ	വിള	വിള ഗുണകം (Kc)			അവലംബം
		ആദ്യഘട്ടം	മധ്യഘട്ടം	അവസാന ഘട്ടം	
1	നെല്ല്	1.1	1.3	1.05	FAO (1998)
2	മരച്ചീനി	0.3	0.8	0.3	
3	പച്ചക്കറികൾ	0.5	1	0.8	
4	വാഴ	0.5	1.1	1	
5	മുളക്	0.6	1.05	0.9	

സ്ഥിരം വിളകളുടെ വിളസ്ഥിരാങ്കം (Crop coefficient - Kc)

ക്രമ നമ്പർ	വിള	വിളസ്ഥിരാങ്കം (Kc)	അവലംബം
1	തെങ്ങ്	0.75	CPCRI(1967)
2	കമുക്	0.94	CPCRI(1982)
3	മാവ്	0.9	FAO(1998)
4	കുരുമുളക്	0.7	CWRDM(1997)

മിശ്ര വിളകളുടെ വിളസ്ഥിരാങ്കം (Crop coefficient - Kc)

ക്രമ നമ്പർ	വിള	വിളസ്ഥിരാങ്കം (Kc)	അവലംബം
1	തെങ്ങ് (തെങ്ങ് - കമുക് - കുരുമുളക്)	0.78	CWRDM (1997)
2	കമുക് (തെങ്ങ് - കമുക് - കുരുമുളക്)	0.36	
3	കുരുമുളക് (തെങ്ങ് - കമുക് - കുരുമുളക്)	0.07	
4	ജാതി (തെങ്ങ് - ജാതി)	0.87	
5	തെങ്ങ് (തെങ്ങ് - ജാതി)	0.83	

മുകളിൽ പറഞ്ഞ രീതിയിൽ ഓരോ 10 ദിവസത്തേയ്ക്കും ഓരോ വിളകൾക്കും വേണ്ട ജല ആവശ്യം കണ്ടുപിടിച്ച ശേഷം അവയെല്ലാം ഒന്നിച്ച് കൂട്ടി കൃഷി ആവശ്യത്തിനായി ഓരോ 10 ദിവസത്തേയ്ക്കും ആകെ വേണ്ട ജലത്തിന്റെ അളവ് കണക്കാക്കിയിരിക്കുന്നു.(വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

2.5.3 വ്യവസായ, വാണിജ്യ സ്ഥാപനങ്ങളിലെ ജല ആവശ്യകത

വ്യവസായ, വാണിജ്യ സ്ഥാപനങ്ങളെ ജല ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളായി തരം തിരിച്ച്, ഓരോ ഗ്രൂപ്പിലേയും ഒരു സ്ഥാപനത്തിനു വേണ്ട ജലവും എണ്ണവും തമ്മിൽ ഗുണിച്ച്, അവയുടെ ആകെ തുകയാണ് ആകെ ജല ആവശ്യമായി എടുത്തിട്ടുള്ളത്.

2.5.4 വിനോദ സഞ്ചാര മേഖലയിലെ ജല ആവശ്യകത

വിനോദ സഞ്ചാര മേഖലയിൽ ഓരോ 10 ദിവസവും പഞ്ചായത്തിലെത്തുന്ന ആകെ വിനോദ സഞ്ചാരികളുടെ എണ്ണം കണ്ടെത്തി ആ എണ്ണത്തിനനുസരണമായി ജല ആവശ്യം കണക്കാക്കിയിട്ടുള്ളത്.

2.5.5 ആകെ ജല ആവശ്യം

ആകെ ജല ആവശ്യം = ആകെ ഗാർഹിക ആവശ്യം + ആകെ കാർഷിക ആവശ്യം + ആകെ വ്യാപാര ആവശ്യം + ആകെ വ്യവസായ ആവശ്യം + ആകെ വിനോദ സഞ്ചാര ആവശ്യം എന്ന രീതിയിലാണ് കണക്കാക്കിയിട്ടുള്ളത്. (വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

2.6 ജല ബജറ്റ്

ഇത്തരത്തിൽ ഓരോ 10 ദിവസത്തേയും ആകെ ജല ലഭ്യതയും ആകെ ജല ആവശ്യവും കണക്കാക്കിയ ശേഷം ഇവയെ താരതമ്യം ചെയ്ത് ജല

മിച്ചമാണോ ജല കമ്മിയാണോ എന്ന് കണ്ടെത്തിയാണ് ഈ ജല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.



ജലബജറ്റ് തയാറാക്കുന്നതുമായി ബന്ധപ്പെട്ട് ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് വേണ്ടി നൽകിയ ട്രെയിനിംഗ്



ഗ്രാമ പഞ്ചായത്ത് തല ജല സാങ്കേതിക സമിതി യോഗം - ജല ബജറ് അവതരണം

2.6 തുടർ പ്രവർത്തനങ്ങൾ

ജല ബജറ്റിലെ കണ്ടെത്തലുകൾ ബ്ലോക്ക് പഞ്ചായത്തു തലത്തിലും ഗ്രാമ പഞ്ചായത്തു തലത്തിലും വിപുലമായ കൺവെൻഷനുകൾ വിളിച്ച് ചേർത്ത സജീവമായ ചർച്ചകൾക്ക് വിധേയമാക്കുകയും അവിടെ ലഭിച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട്, ജല മേഖലയിൽ തുടർന്നു നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച ഒരു ഹ്രസ്വ വിവരണം കൂടി റിപ്പോർട്ടിന്റെ അവസാനമായി ചേർത്തി ട്ടുണ്ട്.

3.ജല ബജറ്റ്

3.1 പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	ഓമശ്ശേരി
വിസ്തീർണ്ണം (ചതുരശ്ര കിലോമീറ്ററിൽ)	25.46
ജനസംഖ്യ(തദ്ദേശ വാസികൾ)	35009
ജനസംഖ്യ (അതിഥി തൊഴിലാളികൾ)	334
ഭൂവിനിയോഗം	
വനം (ചതുരശ്ര കിലോമീറ്ററിൽ)	0
കൃഷിഭൂമി (ചതുരശ്ര കിലോമീറ്ററിൽ)	16.27
ജനവാസമേഖല (ചതുരശ്ര കിലോമീറ്ററിൽ)	9.01798
വ്യാവസായികം (ചതുരശ്ര കിലോമീറ്ററിൽ)	0.00066
ഉപയോഗപ്രദമല്ലാത്ത തരിശ്/പാറ (ചതുരശ്ര കിലോമീറ്ററിൽ)	0
കൃഷിയോഗ്യമായ തരിശ് (ചതുരശ്ര കിലോമീറ്ററിൽ)	0.17
മറ്റുള്ളവ (ചതുരശ്ര കിലോമീറ്ററിൽ)	0

3.2 ജല ലഭ്യത

3.2.1 മഴ ലഭ്യത

